# പരിസരപഠനം

ഭാഗം 2

## സ്റ്റാൻഡേർഡ് IV

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2015

JT 529-1/EVS - 4 (M) Vol.2

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

---

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala



പ്രിയപ്പെട്ട കുട്ടികളേ,

നമുക്കൊരു യാത്രയാവാം.....

വഴിയോരങ്ങളിൽ നിറയെ ചെടികൾ, കിളികൾ.

കഥപറയുന്ന കല്ലും മണ്ണും

മഴവില്ല് വരയ്ക്കുന്ന ആകാശവും

നിറനിലാവിന്റെ കാന്തിയും

എന്തെല്ലാമാണ് നമുക്കു ചുറ്റും!

പ്രകൃതി വിസ്മയങ്ങളുടെ മഹാപുസ്തകമാണ്.

അവയിൽ നിന്ന് അറിവിന്റെ തേൻ നുണഞ്ഞ് രസിക്കാൻ

നിങ്ങൾക്ക് കൂട്ടായി...

ഈ പുസ്തകമുണ്ട്.

കൈപിടിച്ച് കൂടെ വരൂ.

സ്നേഹത്തോടെ,

**ഡോ.എസ്. രവീന്ദ്രൻ നായർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.



# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**വിശ്വംഭരൻ. കെ.ആർ**
സീനിയർ ലക്ചറർ, ഡയറ്റ്, ആലപ്പുഴ

**രാജേഷ് കുമാർ.ടി**
ജി.യു.പി.സ്കൂൾ തെക്കിൽ വെസ്റ്റ്
കാസറഗോഡ്

**ശശികുമാർ.പി.വി**
എ.എൽ.പി.സ്കൂൾ, മാത്തൂർ വെസ്റ്റ്
(ബംഗ്ലാവ് സ്കൂൾ), പാലക്കാട്

**അജിത്പ്രസാദ് എൻ.ആർ.**
ഹിന്ദു എൽ.പി സ്കൂൾ, മുല്ലശ്ശേരി, തൃശ്ശൂർ

**ജഹാംഗീർ കബീർ ടി.പി.**
ഫാറൂഖ് കോളേജ് എൽ.പി.എസ്.
കോഴിക്കോട്

**ബിജു.മാത്യു**
ജി.എച്ച്.എസ്.എസ്. കടുങ്ങപുരം, മലപ്പുറം

**ഈസ.വി.കെ.**
എ.എം.എൽ.പി.എസ്. വീട്ടിക്കാട്,
പാറൽ, പെരിന്തൽമണ്ണ

**എം.സന്തോഷ്കുമാർ**
ബി.ആർ.സി. അഗളി, പാലക്കാട്

**ശ്രീജിത് അശോക്**
ഗവ:എൽ.പി.ജി.സ്കൂൾ, എൻ.പറവൂർ
എറണാകുളം

**റോജസ് മാർട്ടിൻ**
ജി.എച്ച്.എസ്.എസ്. വാളാട്ട്, വയനാട്

**സജീവ് കുമാർ.പി.ആർ**
ഗവ: ടി.ടി. ഐ. കൊല്ലം

**എച്ച്.എ.സലീം**
ജി.യു.പി.എസ്., കുമരഞ്ചിറ,
ശാസ്താംകോട്ട

## വിദഗ്ധർ

**ഡോ. ടി. നീലകണ്ഠൻ**
പ്രിൻസിപ്പാൾ
എം.എം.എസ്. ഗവ. ആർട്സ് &
സയൻസ് കോളേജ്, മലയിൻകീഴ്

**വി.എസ്.അനിൽകുമാർ**
അസി. പ്രൊഫസർ, ഗവ: കോളേജ്,
കോട്ടയം

**ഡോ. സാഗർ.എസ്.**
അസി. പ്രൊഫസർ, ഗവ: വിമൻസ്
കോളേജ്, തിരുവനന്തപുരം

**ഡോ.വിജയൻ ചാലോട്**
ഡി.പി.ഒ, എസ്.എസ്.എ, കണ്ണൂർ

**സിനിത.ജി.എസ്.**
അസി. പ്രൊഫ. യൂണിവേഴ്സിറ്റി
കോളേജ്, തിരുവനന്തപുരം

**ഡോ. അഗസ്റ്റിൻ ജോർജ്**
അസി. പ്രൊഫസർ
(ഫിസി. എഡ്യുക്കേഷൻ),
ഗവ: മെഡിക്കൽ കോളേജ്, കോട്ടയം

## ചിത്രകാരന്മാർ

**ശ്രീ.എൻ.ടി. രാജീവൻ,** ജി.എച്ച്.എസ്., തരിയോട്, വയനാട്
**ശ്രീ. സന്തോഷ് വെളിയന്നൂർ**

## അക്കാദമിക് കോഡിനേറ്റർ

**ഡോ. ചിത്രാ വിജയൻ**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

## ഉള്ളടക്കം




കല്ലായ്... കാറ്റായ്......... 71

വായിക്കാം വരയ്ക്കാം ..... 85

ഇന്ത്യയിലൂടെ................ 97

കണ്ണെത്താ ദൂരത്ത്
കൈയെത്താ ദൂരത്ത്.....107

കൂട്ടുകാർക്കൊരു
കരുതൽ...................117

നാടിനെ അറിയാൻ........128

**ഈ പുസ്തകത്തിൽ സൗകര്യത്തിനായി**
**ചില മുദ്രകൾ ഉപയോഗിച്ചിരിക്കുന്നു.**


അധികവായനയ്ക്ക്
(വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല)


പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ


വിലയിരുത്താം


തുടർപ്രവർത്തനങ്ങൾ

7

# കല്ലായ്... കാറ്റായ്...

അമലും കൂട്ടുകാരും സ്കൂളിലെ പൂന്തോട്ടം നനയ്ക്കുകയാണ്. ബക്കറ്റിൽ നിറച്ചുവച്ച വെള്ളത്തിലേക്ക് അമൽ വലിയ കപ്പ് താഴ്ത്തി. അപ്പോൾ വെള്ളം കവിഞ്ഞൊഴുകി.

ശ്രേയ : എന്താണിത്? ഒരു തുള്ളി വെള്ളം പോലും പാഴാക്കരുതെന്നറിയില്ലേ?

അമൽ : ഞാൻ കളഞ്ഞതല്ല, കപ്പ് താഴ്ത്തിയപ്പോൾ വെള്ളം കവിഞ്ഞൊഴുകിയതാ.

ശ്രേയ : അതുശരി, എന്താണിങ്ങനെ വെള്ളം കവിഞ്ഞൊഴുകാൻ കാരണം? അതൊന്നു പരീക്ഷിച്ചു നോക്കിയാലോ?

അമലും സുബിനും ശ്രേയയും ആ പരീക്ഷണത്തിനു തയാറെടുക്കുകയാണ്. അവിടെ വെള്ളം നിറച്ചുവച്ച ബക്കറ്റിനടുത്തുതന്നെ ഇഷ്ടിക, കല്ല്, മരക്കട്ട, ഇരുമ്പുകഷണം എന്നിവ കരുതിയിട്ടുണ്ട്. അപ്പോഴാണ് ലിന അവിടേക്ക് കടന്നുവന്നത്. അവൾ കൗതുകത്തോടെ ചോദിച്ചു: "നിങ്ങളെന്താണ് ചെയ്യുന്നത്?"



സുബിൻ : ബക്കറ്റിലെ വെള്ളത്തിലേക്ക് ഞങ്ങൾ ഓരോ സാധനങ്ങൾ ഇട്ടുനോക്കുകയാണ്. നിറയെ വെള്ളമുള്ള പാത്രത്തിലേക്ക് ഏതു വസ്തു ഇടുമ്പോഴും വെള്ളം പുറത്തേക്ക് ഒഴുകുന്നു.

അമൽ : ഇവിടെ വച്ചിരിക്കുന്നവയിൽ ഏതു വസ്തു ബക്കറ്റിലിടുമ്പോഴാണ് കൂടുതൽ വെള്ളം കവിഞ്ഞൊഴുകുന്നത്? ലിനയ്ക്ക് പറയാമോ?

നിങ്ങൾക്കും ഊഹിക്കാമോ?


ഈ പരീക്ഷണം ചെയ്തു നോക്കൂ. കണ്ടെത്തലുകൾ എഴുതൂ.

**ഓരോ വസ്തുവിനും സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണ്.**

കൂടുതൽ വലുപ്പമുള്ള വസ്തുക്കൾക്കോ?

## ആകൃതി ഉള്ളവയും ഇല്ലാത്തവയും

ഒരു കപ്പിൽ വെള്ളമെടുക്കൂ. ഇപ്പോൾ വെള്ളത്തിന്റെ ആകൃതി എന്താണ്? ഈ വെള്ളം പല ആകൃതിയിലുള്ള പാത്രങ്ങളിൽ ഒഴിച്ചു നോക്കൂ.



വെള്ളത്തിന്റെ ആകൃതിയിൽ എന്ത് മാറ്റമാണ് ഉണ്ടായത്?

ഇതിന് കാരണമെന്തായിരിക്കും?

**വെള്ളത്തിന് നിശ്ചിതമായ ആകൃതിയില്ല. അത് ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതിയിൽ സ്ഥിതിചെയ്യുന്നു.**

എന്നാൽ കല്ലോ?

കുപ്പിയിലേക്ക് വെള്ളം ഒഴിക്കാൻ കഴിയുമല്ലോ?

കുപ്പിയുടെ വായവട്ടത്തെക്കാൾ വലിയ കല്ല് കുപ്പിക്കുള്ളിൽ ഇടാൻ കഴിയുമോ? എന്തുകൊണ്ട്?

ഇതിൽ നിന്ന് എന്തു മനസ്സിലാക്കാം?

**കല്ലിന് ആകൃതിയും വലുപ്പവുമുണ്ട്.**

## ഭാരം അളക്കാം

നിങ്ങളുടെ സ്കൂൾ ബാഗിന്റെ ഭാരം തൂക്കി നോക്കൂ.

നിങ്ങൾ വെള്ളം കൊണ്ടുവരുന്ന കുപ്പിയുടെ ഭാരം അതിൽ വെള്ളം നിറയ്ക്കുന്നതിനു മുമ്പും നിറച്ചതിനു ശേഷവും നോക്കൂ.

എന്തു വ്യത്യാസമാണ് കണ്ടത്? ഇതിൽനിന്ന് എന്തു മനസ്സിലാക്കാം?

**എല്ലാ വസ്തുക്കൾക്കും ഭാരമുണ്ട്.**

ബക്കറ്റ്, കുടം എന്നിവയിലെ വെള്ളത്തിന്റെ ഭാരവും ഇതുപോലെ കണ്ടെത്തൂ.

## ശക്തിമാൻ

ചിത്രം ശ്രദ്ധിച്ചല്ലോ.

എന്തുകൊണ്ടാണ് ജലചക്രം തിരിയുന്നത്?





**ഒഴുകുന്ന ജലത്തിന് ശക്തിയുണ്ട്.**

ചിത്രം നോക്കൂ... ജലത്തെപ്പോലെ ഒഴുകുന്നത് ആരൊക്കെയാണ്? അവയ്ക്ക് നിറം കൊടുക്കൂ.




ജലവും ജലത്തിന്റെ കൂട്ടുകാരും ദ്രാവകങ്ങളാണ്.

ഇവയെ കൂടാതെ മറ്റ് ദ്രാവകങ്ങളെ കണ്ടെത്തൂ. ദ്രാവകങ്ങളുടെ പൊതുസ്വഭാവങ്ങൾ എഴുതൂ.

## മാറുന്ന അവസ്ഥ


ഒരു പാത്രത്തിൽ കുറച്ച് വെള്ളമെടുത്ത് ചൂടാക്കി നോക്കൂ. അപ്പോൾ അതിൽനിന്നു നീരാവി ഉയരുന്നത് കാണാമല്ലോ. ഒരു പരന്ന പാത്രത്തിൽ വെള്ളം ഒഴിച്ച് നീരാവിക്കു മുകളിൽ പിടിക്കുക. പാത്രത്തിന്റെ അടിവശത്ത് എന്താണ് കാണുന്നത്? ഇതിനു കാരണം എന്താണ്?



ഇങ്ങനെ നീരാവി തണുത്ത് ജലമായി മാറുന്ന മറ്റു സന്ദർഭങ്ങൾ നിങ്ങൾക്ക് കണ്ടെത്താമോ?

**നീരാവി തണുത്താൽ ജലമാകുന്നു.**

ജലത്തെ വീണ്ടും തണുപ്പിച്ചാൽ എന്തു മാറ്റമാണ് ഉണ്ടാകുന്നത്?




## വായുവിലും ജലം!



ഒരു ഗ്ലാസെടുക്കൂ. അതിൽ ഏതാനും ഐസ് കഷണങ്ങൾ ഇടൂ.

ഗ്ലാസിന്റെ പുറംഭാഗം നിരീക്ഷിക്കൂ. എന്താണ് കാണുന്നത്?

എവിടെ നിന്നാണ് വെള്ളത്തുള്ളികൾ വന്നത്? ഗ്ലാസിനു പുറത്ത് വായു മാത്ര മല്ലേ ഉള്ളൂ? അപ്പോൾ വെള്ളത്തുള്ളികൾ എങ്ങനെയായിരിക്കും ഉണ്ടായത്?

**ജലബാഷ്പം തണുത്ത് ജലമാകുന്നു.**

## കല്ലിന്റെ കൂട്ടുകാർ

കല്ലിന് ആകൃതിയും വലുപ്പവും ഭാരവും ഉണ്ടെന്ന് നാം കണ്ടല്ലോ.

ഏതെങ്കിലും ഒരു പാത്രത്തിൽ മാത്രമേ ദ്രാവകം എടുക്കാൻ കഴിയുക യുള്ളൂ. എന്നാൽ കല്ല്, മരക്കഷണം മുതലായവ എടുക്കുന്നതിനോ?

എന്താണ് ജലവും കല്ലും തമ്മിലുള്ള വ്യത്യാസം?

**കല്ല്, മരക്കഷണം തുടങ്ങിയവ ഖരവസ്തുക്കളാണ്.**

മറ്റു ഖരവസ്തുക്കളുടെ പേരെഴുതാമോ? ഖരവസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ എഴുതൂ.

ദ്രാവകങ്ങളിൽനിന്നു വ്യത്യസ്തമായി എന്തെല്ലാം പ്രത്യേകതകളാണ് ഖരവസ്തുക്കൾക്കുള്ളത്? അവ തമ്മിൽ എന്തൊക്കെ സാമ്യങ്ങളുണ്ട്?

സാമ്യവ്യത്യാസങ്ങൾ എഴുതൂ.

| ഖരവസ്തുക്കൾ | ദ്രാവകങ്ങൾ |
|---|---|
| ________ | ഒഴുകുന്നു |
| ഭാരമുണ്ട് | ________ |
| ________ | ________ |

## വായുവിന്റെ വിശേഷങ്ങൾ



സുബിൻ ഇന്ന് വളരെ സന്തോഷത്തിലാണ്. അവൻ നിർമിച്ച ബലൂൺ ബോട്ട് കൂട്ടുകാരെ കാണിക്കാൻ കാത്തിരിക്കുകയാണ്.

വെള്ളത്തിലോടുന്ന ബലൂൺബോട്ട്... ഹായ്! കൂട്ടുകാർക്ക് കൗതുകമായി.

അമൽ : സുബിൻ... ഇത് എങ്ങനെയാണ് ഉണ്ടാക്കിയത്?








സുബിൻ : സോപ്പുപെട്ടിയുടെ അടപ്പിന്റെ ഒരു വശത്ത് താഴെ ഒരു ദ്വാരമിടുക. സ്ട്രോയുടെ അറ്റത്ത് ബലൂൺ കെട്ടി വയ്ക്കുക. സ്ട്രോയുടെ മറ്റേ അറ്റം സോപ്പുപെട്ടിയുടെ ദ്വാരത്തിലൂടെ പുറത്തേക്കു കടത്തുക. സ്ട്രോയിലൂടെ ഊതി ബലൂൺ വീർപ്പിക്കുക. വായു പുറത്തേക്കു പോകാത്ത തരത്തിൽ വിരലുകൾ കൊണ്ട് അമർത്തിപ്പിടിക്കുക. ഒരു വലിയ പരന്ന പാത്രത്തിലെ വെള്ളത്തിൽ സ്ട്രോയുടെ അറ്റം മുങ്ങിയിരിക്കുന്ന വിധത്തിൽ ബലൂൺ ബോട്ട് വച്ച് പതുക്കെ കൈവിടൂ... ബലൂൺബോട്ട് കുതിക്കുന്നത് കണ്ടില്ലേ!

ലിന : ഞാൻ മറ്റൊരു സൂത്രം കാണിക്കാം. ഇതാണ് ബലൂൺ റോക്കറ്റ്. ഇതുണ്ടാക്കുന്നതെങ്ങനെയെന്ന് അറിയേണ്ടേ?



ഒരു സ്ട്രോകഷണത്തിലൂടെ നീളമുള്ള നൂൽ കടത്തുക. ചിത്രത്തിൽ കാണുന്നതുപോലെ നൂലിന്റെ രണ്ടറ്റവും വലിച്ചുകെട്ടുക. വലിയ ഒരു ബലൂൺ വീർപ്പിച്ച് അതിന്റെ മധ്യഭാഗം സെല്ലോ ടേപ്പ് കൊണ്ട് സ്ട്രോയിൽ ഒട്ടിക്കുക. ബലൂൺ നൂലിന്റെ താഴ്ന്നിരിക്കുന്ന അറ്റത്തേക്കു കൊണ്ടുവന്നതിനുശേഷം കൈവിട്ടു നോക്കൂ.

കൂട്ടുകാരേ...
നിങ്ങളും
ബലൂൺബോട്ടും
റോക്കറ്റും
ഉണ്ടാക്കുമല്ലോ...?

വായു പുറത്തേക്കു പോയപ്പോൾ ബലൂൺ ഏതു ഭാഗത്തേക്കാണ് പാഞ്ഞുപോയത്?എന്തുകൊണ്ട്?

## പല ആകൃതി

പല ആകൃതിയിലും വലുപ്പത്തിലുമുള്ള ബലൂൺ പാവകൾ ഊതി വീർപ്പിച്ചുനോക്കൂ. പിന്നീട് വായു തുറന്നു വിടൂ. എന്തു സംഭവിക്കുന്നു?

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്?



- പല ആകൃതിയിലുള്ള ബലൂണുകളിൽ വായു നിറച്ചപ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് കണ്ടത്?
- വായുവിന് നിശ്ചിത ആകൃതിയുണ്ടോ?

നിങ്ങളുടെ കണ്ടെത്തലുകൾ പരിസരപുസ്തകത്തിൽ കുറിക്കൂ.

### ഒളിച്ചിരിക്കുന്നതാര്?

രണ്ട് ഗ്ലാസുകൾ എടുക്കൂ. ഓരോന്നിന്റെയും ഉള്ളിൽ പകുതിവരെ കടലാസ് നന്നായി അമർത്തിവയ്ക്കുക. രണ്ടാമത്തെ ഗ്ലാസിനകത്ത് വളയുന്ന ഒരു സ്ട്രോ സെല്ലോടേപ്പ് കൊണ്ട് ഒട്ടിച്ചുവയ്ക്കുക. രണ്ടു ഗ്ലാസുകളും ഒരു ബക്കറ്റിലെ വെള്ളത്തിൽ മുക്കിനോക്കൂ.


- രണ്ടാമത്തെ ഗ്ലാസിൽനിന്നു പുറത്തുപോകുന്നതെന്താണ്?

ഇനി രണ്ടു ഗ്ലാസിനകത്തെയും കടലാസ് പരിശോധിക്കൂ...

നിങ്ങൾ ചെയ്ത പരീക്ഷണത്തിന്റെ കുറിപ്പ് തയാറാക്കൂ.







ലിനയുടെ പരീക്ഷണക്കുറിപ്പ്

## നനഞ്ഞും നനയാതെയും

**ലക്ഷ്യം** : വായുവിന് സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണോയെന്ന് കണ്ടെത്തുന്നതിന്.

**സാമഗ്രികൾ** : വെള്ളം നിറച്ച ബക്കറ്റ്, രണ്ട് ഗ്ലാസ്, വളയുന്ന സ്ട്രോ, കടലാസ്, സെല്ലോടേപ്പ്

**പ്രവർത്തനക്രമം** : മുക്കാൽഭാഗം വെള്ളമുള്ള ബക്കറ്റെടുത്തു. രണ്ട് ഗ്ലാസുകളിൽ ഓരോന്നിന്റേയും പകുതിവരെ കടലാസ് നന്നായി അമർത്തിവച്ചു. രണ്ടാമത്തെ ഗ്ലാസിൽ വളയുന്ന ഒരു സ്ട്രോയുടെ നീളം കുറഞ്ഞ ഭാഗം അകത്തു വരത്തക്കവിധം സെല്ലോടേപ്പ് കൊണ്ട് ഒട്ടിച്ചു. രണ്ടു ഗ്ലാസുകളും കുത്തനെ കമഴ്ത്തി പിടിച്ച് ബക്കറ്റിലെ വെള്ളത്തിൽ താഴ്ത്തി.

**നിരീക്ഷണഫലം** : ഗ്ലാസുകൾ വെള്ളത്തിൽ താഴ്ത്തുമ്പോൾ ഒന്നാമത്തെ ഗ്ലാസ് കൂടുതൽ ശക്തിയായി അമർത്തേണ്ടി വന്നു. ഗ്ലാസിനകത്ത് കുറച്ചു വെള്ളം മാത്രമേ കയറിയുള്ളൂ. രണ്ടാമത്തെ ഗ്ലാസിന്റെ സ്ട്രോയിൽ കൂടി വായുകുമിളകൾ പുറത്തേക്കു വരുന്നത് കണ്ടു. അപ്പോൾ ഗ്ലാസിനകത്തേക്ക് കൂടുതൽ വെള്ളം കയറി. ഒന്നാമത്തെ ഗ്ലാസിൽനിന്നു കടലാസ് പുറത്തെടുത്തപ്പോൾ നനഞ്ഞിട്ടില്ല. രണ്ടാമത്തെ ഗ്ലാസിലെ കടലാസ് നനഞ്ഞിരുന്നു.

**നിഗമനം** :

നിഗമനം രേഖപ്പെടുത്തിയല്ലോ?

### മണമെത്തുമ്പോൾ

മുല്ലപ്പൂ വിരിഞ്ഞതും സെന്റുകുപ്പി തുറന്നതുമെല്ലാം നമ്മൾ അകലെ നിന്നുതന്നെ അറിയാറുണ്ടല്ലോ?



ഇതെങ്ങനെയാണ്? നമുക്കൊന്നു നോക്കിയാലോ.

ചന്ദനത്തിരിയുടെ പുക ഒരു ഗ്ലാസിലേക്ക് ശേഖരിച്ച് കാർഡ്ബോർഡു കൊണ്ട് അടച്ചുവയ്ക്കൂ.


കാർഡ്ബോർഡ് ഉയർത്തുമ്പോൾ പുക മുകളിലേക്ക് വരുന്നില്ലേ?

ചന്ദനത്തിരിയുടെ സുഗന്ധം നിങ്ങൾക്ക് അനുഭവപ്പെട്ടോ?

ചന്ദനത്തിരിയുടെ മണം കലർന്ന വായു വ്യാപിക്കുന്നതുകൊണ്ടല്ലേ നമ്മുടെ മൂക്കിലെത്തിയത്.

### എനിക്കും ഭാരമുണ്ടേ...

നീളമുള്ള, വണ്ണം കുറഞ്ഞ ഒരു വടിയുടെ ഒരറ്റത്ത് വലിയ ബലൂണും മറ്റേ അറ്റത്ത് കടലാസ് കപ്പും നൂലിൽ കെട്ടിത്തൂക്കുക. വടിയുടെ മദ്ധ്യത്ത് ഒരു നൂല് കെട്ടി ത്രാസ്സുപോലെ തൂക്കിയിടുക.



കടലാസുകപ്പിൽ പയർമണികളിട്ട് ഭാരം തുല്യമാക്കൂ.

ഇനി ബലൂൺ ഊതിവീർപ്പിക്കൂ. ഇപ്പോൾ ത്രാസിന് എന്തു സംഭവിക്കുന്നു? എന്താണിതിനു കാരണം?

എത്ര പയർമണികൾ കപ്പിൽ ഇട്ടപ്പോഴാണ് ബലൂൺ ഉയർന്ന് വന്ന് ഭാരം തുല്യമായത്?

നിങ്ങളുടെ കണ്ടെത്തലുകൾ പരിസരപുസ്തകത്തിൽ എഴുതൂ.

## കാറ്റിന്റെ ശക്തി



ശ്രേയയുടെ കൈയിലെ കാറ്റാടി കണ്ടില്ലേ...?

അതു കറങ്ങുന്നതെന്തു കൊണ്ടാവാം?

കൂട്ടുകാരുമായി ചർച്ചചെയ്യൂ.

ഒഴുകുന്ന വായുവാണല്ലോ കാറ്റ്. **വായുവിന് ശക്തിയുണ്ട്.**



കാറ്റാടിപ്പാടം



പായ്ക്കപ്പൽ

**വായു, നീരാവി മുതലായവ വാതകങ്ങളാണ്.**

വാതകത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്. എഴുതൂ...

- വാതകത്തിന് ആകൃതിയില്ല.
- 



**പ്ലാസ്മ**

ഖരം, ദ്രാവകം, വാതകം എന്നിവ കൂടാതെ ദ്രവ്യത്തിന് മറ്റു ചില അവസ്ഥകളും ഉണ്ട്. അതിലൊന്നാണ് പ്ലാസ്മ. തീ, ഇടിമിന്നൽ എന്നിവ പ്ലാസ്മാവസ്ഥയിലാണ്.

## പട്ടിക പൂർത്തിയാക്കാം

| വസ്തുക്കൾ | പൊതുസ്വഭാവങ്ങൾ | | | |
|---|---|---|---|---|
| | ഭാരം | ആകൃതി | സ്ഥിതിചെയ്യാൻ സ്ഥലം | അവസ്ഥ |
| വെളിച്ചെണ്ണ | ✓ | X | ✓ | ദ്രാവകം |
| മേശ | | ✓ | ✓ | ഖരം |
| വായു | ✓ | | | വാതകം |
| നീരാവി | | | | |
| പാൽ | | | | |
| ഐസ് | | | | |
| | | | | |

പട്ടികയിൽ നിന്നും നിങ്ങളെത്തിച്ചേർന്ന നിഗമനങ്ങൾ എഴുതൂ.

> നമുക്കു ചുറ്റുമുള്ള വസ്തുക്കൾ പൊതുവെ ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് അവസ്ഥകളിലാണ് സ്ഥിതിചെയ്യുന്നത്.



## പ്രധാന പഠനനേട്ടങ്ങൾ

- ഖരവസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ പ്രസ്താവിക്കുന്നു.
- ദ്രാവകങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി പറയുന്നു.
- വാതകങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.
- ജലത്തിന് മൂന്ന് അവസ്ഥകളുണ്ടെന്ന് തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.
- ജലത്തിന്റെ അവസ്ഥാമാറ്റങ്ങൾ ലഘുപരീക്ഷണങ്ങളിലൂടെ വിശദീകരിക്കുന്നു.
- ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് അവസ്ഥകളിലുള്ള വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ ലഘുപരീക്ഷണങ്ങളിലൂടെ തെളിയിക്കുന്നു.
- ചുറ്റുമുള്ള വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ ക്രോഡീകരിച്ച് പ്രസ്താവിക്കുന്നു.

## വിലയിരുത്താം

- താഴെ പറയുന്ന വസ്തുക്കളെ തരംതിരിച്ചെഴുതൂ.

  ജലം, പെട്രോൾ, പഞ്ചസാര, കർപ്പൂരം, ഉപ്പ്, തടിക്കഷണം, നീരാവി, പുക, ഡീസൽ, വെളിച്ചെണ്ണ.

- നിശ്ചിത ആകൃതിയുണ്ട്, സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമുണ്ട്, ഭാരമുണ്ട്. ഇത് ഏത് അവസ്ഥയാണ്?


  A. വാതകം B. ദ്രാവകം C. ഖരം

- ജലത്തിന്റെ മൂന്ന് അവസ്ഥകൾ സൂചിപ്പിക്കുന്ന കൂട്ടത്തെ കണ്ടെത്തൂ.

  A. പാൽ, മോര്, തൈര്
  B. ചൂടുവെള്ളം, തണുത്തവെള്ളം, കഞ്ഞിവെള്ളം
  C. വെള്ളം, ഐസ്, നീരാവി
  D. ഐസ്ക്രീം, ചായ, ജ്യൂസ്

## തുടർപ്രവർത്തനങ്ങൾ

### 1. ചുരുങ്ങാത്ത ബലൂൺ



വെള്ളം നിറച്ച ബലൂൺ കുപ്പിയിൽ ഉറപ്പിക്കുക. ഈ കുപ്പി നിവർത്തി വച്ചാൽ എന്തു സംഭവിക്കും?

ബലൂൺ ചുരുങ്ങിപ്പോകുമോ?

ബലൂണിലെ വെള്ളത്തിനെന്തു സംഭവിക്കും?

### 2. ഭാരം ഉയർത്താം



പാൽകവറുകൾ, സ്ട്രോ, നൂല്, കാർഡ്ബോർഡ് കഷണം എന്നിവ കരുതുക.

പാൽകവറുകൾക്കകത്തേക്ക് സ്ട്രോ തിരുകിവച്ച് നൂൽ കൊണ്ട് കെട്ടുക. കവറിനു മുകളിൽ കാർഡ്ബോർഡ് വച്ച് അതിനു മുകളിൽ ഒരു വലിയ പുസ്തകം വയ്ക്കുക. എന്നിട്ട് സ്ട്രോകളിലൂടെ ഒരേസമയം ഊതിനോക്കൂ.

ഇങ്ങനെ എത്ര ഭാരം വരെ ഉയർത്താൻ കഴിയും?

### 3. കൂടുതൽ ഭാരം ഉയർത്താം



പ്ലാസ്റ്റിക് ട്യൂബ്, ഹോട്ട്‌വാട്ടർ ബാഗ് എന്നിവ ഉപയോഗിച്ച് 'വായു ജാക്കി' ഉണ്ടാക്കാം. ഹോട്ട്‌വാട്ടർ ബാഗിനു പകരം ഫുട്ബോൾ ബ്ലാഡർ, എയർബോൾ, ബലൂൺ മുതലായവയും ഉപയോഗിക്കാം.

### 4. കൃത്രിമ മഴ



പ്ലാസ്റ്റിക് കുപ്പിയുടെ അടിവശത്ത് കുറേ ദ്വാരങ്ങളും മുകൾ ഭാഗത്ത് ഒരു ദ്വാരവും ഇടുക. കുപ്പിയിൽ വെള്ളം നിറയ്ക്കുക. മുകളിലുള്ള ദ്വാരം അടച്ചുപിടിച്ചാൽ വെള്ളം വീഴുന്നുണ്ടോ? തുറന്നാലോ?

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്?

### 5. വിസിൽ മുഴക്കാം, ബലൂൺ വീർപ്പിക്കാം

അടിഭാഗം മുറിച്ചുമാറ്റിയ രണ്ടു കുപ്പികൾ എടുക്കൂ. ഒന്നിൽ ഒരു ബലൂണും രണ്ടാമത്തേതിൽ ഒരു ഡോൾ വിസിലും ഉറപ്പിക്കൂ. ഇവ ബക്കറ്റിലെ വെള്ളത്തിൽ താഴ്ത്തൂ.

ബലൂൺ വീർക്കാൻ കാരണം എന്തായിരിക്കും?

വിസിൽ ശബ്ദിക്കുന്നത് എന്തുകൊണ്ട്?





### 6. ജലവൈദ്യുതനിലയം, കാറ്റാടിപ്പാടം എന്നിവ സന്ദർശിക്കൂ.

### 7. ജലചക്രം, കാറ്റാടി മുതലായവ നിർമിക്കൂ.

# 8

# വായിക്കാം വരയ്ക്കാം

സഞ്ചാരി ഏതു ഭൂപടമാണ് പരിശോധിക്കുന്നത്?


എന്തിനായിരിക്കും?



JT 529-3/EVS - 4 (M) Vol.2

## ഭൂപടം വായിക്കാം

കേരളത്തിലെ ജില്ലകളും പ്രധാന സ്ഥലങ്ങളും നിങ്ങൾ മൂന്നാം ക്ലാസിൽ പരിചയപ്പെട്ടല്ലോ. താഴെ കൊടുത്ത ഭൂപടം പരിശോധിക്കൂ.



എന്തെല്ലാം വിവരങ്ങൾ നിങ്ങൾ കണ്ടെത്തി?

കണ്ടെത്തിയ വിവരങ്ങൾ ഉൾപ്പെടുത്തി കേരളത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കൂ.

### ഭൂപടങ്ങളിലെ സൂചിക

ഭൂപടത്തിൽ റോഡുകൾ, റെയിൽപ്പാതകൾ, പുഴകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവയെ ചിഹ്നങ്ങളും നിറങ്ങളും ഉപയോഗിച്ചാണ് അടയാളപ്പെടുത്തുന്നത്. ഭൂപടങ്ങളിലെ നിറങ്ങളും ചിഹ്നങ്ങളും എന്തിനെ സൂചിപ്പിക്കുന്നുവെന്ന് കാണിക്കുന്നതാണ് സൂചിക. ഭൂപടങ്ങളിൽ ഉപയോഗിക്കുന്ന ചില ചിഹ്നങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

**ചിഹ്നങ്ങൾ**

| | |
|---|---|
|  | റെയിൽപ്പാത |
|  | വിമാനത്താവളം |
|  | തുറമുഖം |
|  | നദി |
|  | വിനോദസഞ്ചാരകേന്ദ്രം |
|  | തലസ്ഥാനം |
|  | ജില്ലാ ആസ്ഥാനം |
|  | പക്ഷിസങ്കേതം |

കേരളത്തിലെ പ്രധാന നദികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പക്ഷി സങ്കേതങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ടീച്ചറോട് ചോദിച്ചറിയൂ.

നിങ്ങൾക്കറിയാവുന്ന വിവരങ്ങൾ ഈ ചിഹ്നങ്ങൾ ഉപയോഗിച്ച് കേരളത്തിന്റെ ഭൂപടത്തിൽ കൂട്ടിച്ചേർക്കൂ.

### ക്ലാസ് മുറി വരയ്ക്കാം

കൂട്ടുകാർ ക്ലാസ് മുറി വരയ്ക്കാൻ തീരുമാനിച്ചു. മേശയുടെ നാലു വശത്തുമായി നാലുപേർ ഇരുന്നു. മേശപ്പുറത്ത് പേപ്പർ വച്ച് വരയ്ക്കാൻ തുടങ്ങി.

“എല്ലാവരും പേപ്പറിന്റെ മുകളിൽ, വലതുവശത്ത് പേരെഴുതണേ. വലതുഭാഗം, ഇടതുഭാഗം, മുകൾഭാഗം, താഴ്ഭാഗം എന്നിവയും അടയാളപ്പെടുത്തണം”-അഭി വിളിച്ചുപറഞ്ഞു. അപ്പോഴാണ് ടീച്ചർ വന്നത്. “ക്ലാസിന്റെ വാതിൽ, ജനലുകൾ, മേശ, ബെഞ്ചുകൾ, ബോർഡ് എന്നിവയും വരയ്ക്കണം”- ടീച്ചർ ഓർമിപ്പിച്ചു.



കുട്ടികൾ വരച്ച, ക്ലാസിന്റെ രേഖാചിത്രങ്ങൾ അവർ അഭിമാനത്തോടെ ഉയർത്തിക്കാട്ടി.


ക്ലാസിലെ മറ്റു കുട്ടികൾ അദ്ഭുതപ്പെട്ടു.

ഒരു ക്ലാസിന്റെ തന്നെ നാല് വ്യത്യസ്ത ചിത്രങ്ങളോ!

എന്തുകൊണ്ടായിരിക്കും നാലു ചിത്രങ്ങളും വ്യത്യസ്തമായത്?

ക്ലാസ്മുറിയുടെ രേഖാചിത്രം എല്ലാവർക്കും ഒരുപോലെ വരയ്ക്കാൻ കഴിയില്ലേ?

അതിനായി എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?




ചുമരിൽ തൂക്കിയിട്ട ഭൂപടത്തിന്റെ മുകൾഭാഗം വടക്ക് ദിക്കിനെയാണ് സൂചിപ്പിക്കുന്നത്. ദിക്ക് കാണിക്കാൻ ഈ ചിഹ്നമാണ് ഉപയോഗിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മറ്റു ദിക്കുകൾ കണ്ടെത്താമല്ലോ.

നിങ്ങളുടെ ക്ലാസ്മുറിയുടെ വടക്കുഭാഗം എവിടെയാണ്?

പേപ്പറിനു മുകൾ ഭാഗത്ത് വടക്കുഭാഗം വരുന്ന രീതിയിലാണ് രേഖാ ചിത്രം വരയ്ക്കേണ്ടത്. തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നീ ദിക്കുകൾ കൂടി ശരിയായി രേഖപ്പെടുത്തൂ.

ഓരോന്നിനും ഇനിപ്പറയുന്ന ചിഹ്നങ്ങൾ ചേർത്ത് നിങ്ങളും വരച്ചുനോക്കൂ.

T മേശ

D വാതിൽ

W ജനൽ

B.B ബ്ലാക്ക് ബോർഡ്

B ബെഞ്ച്

വരച്ച ചിത്രങ്ങൾ ഭിത്തിയിൽ ഒട്ടിക്കൂ. ഇനി നോക്കൂ, എല്ലാ ചിത്രങ്ങളും ഒരേപോലെയല്ലേ?

## ദിക്കുകളറിയാം

സൂര്യനെ നോക്കി നാം എളുപ്പത്തിൽ ദിക്ക് അറിയാൻ ശ്രമിക്കാറുണ്ടല്ലോ.





ചിത്രം നിരീക്ഷിക്കൂ. ഉദയസൂര്യനെ നോക്കി ലീന ദിക്കുകൾ കണ്ടെത്തുന്നത് എങ്ങനെയെന്ന് ശ്രദ്ധിക്കൂ.

- ഏതു ഭാഗത്തേക്കു നോക്കിയാണ് ലീന നിൽക്കുന്നത്?
- ലീനയുടെ വലതുകൈഭാഗം ഏത് ദിക്കിനെയാണ് സൂചിപ്പിക്കുന്നത്?
- ലീനയുടെ നിഴൽ വീഴുന്ന ഭാഗം ഏത് ദിക്കാണ്?

സൂര്യനെ കാണാത്ത സമയങ്ങളിൽ നമുക്കെങ്ങനെ ദിക്കുകൾ അറിയാൻ കഴിയും?




### വടക്കുനോക്കിയന്ത്രം





ദിക്ക് അറിയുന്നതിന് ഉപയോഗിക്കുന്ന ഉപകരണമാണ് വടക്കുനോക്കിയന്ത്രം. വടക്കുനോക്കിയന്ത്രത്തിന്റെ മധ്യത്തിൽ ഒരു കാന്തസൂചി കാണാം, ഈ സൂചി വടക്കു തെക്കായി മാത്രമേ നിൽക്കുകയുള്ളൂ. ഈ സൂചിയിലെ പ്രത്യേകമായി അടയാളപ്പെടുത്തിയ അഗ്രമാണ് വടക്കുദിക്കിനെ സൂചിപ്പിക്കുന്നത്. ക്ലാസ് മുറിയുടെ മധ്യത്തിൽ വടക്കുനോക്കിയന്ത്രം വച്ച് ദിക്കുകൾ അടയാളപ്പെടുത്താം.

## സ്കൂളിന്റെ രേഖാചിത്രം




സൂചിക




നന്ദനയുടെ സ്കൂളിന്റെ രേഖാചിത്രമാണിത്.


രേഖാചിത്രത്തിൽനിന്നു താഴെ കൊടുത്ത കാര്യങ്ങൾ കണ്ടെത്തൂ.

- സ്കൂളിന്റെ ഏതു ദിക്കിലൂടെയാണ് സംസ്ഥാനപാത കടന്നുപോകുന്നത്?
- പാചകപ്പുരയുടെ ഏതു ദിക്കിലാണ് കിണർ?
- കൊടിമരത്തിന്റെ ഏതു ദിക്കിലാണ് സ്റ്റേജ്?


ഇതുപോലെ നിങ്ങളുടെ സ്കൂളിന്റെ രേഖാചിത്രം പരിസരപുസ്തകത്തിൽ വരയ്ക്കൂ.

## സനലിന്റെ പഞ്ചായത്ത്

ആനറ പഞ്ചായത്തിലാണ് സനലിന്റെ സ്കൂൾ.




### ആനറ ഗ്രാമപ്പഞ്ചായത്ത്






ആനറ പഞ്ചായത്തിന്റെ ഭൂപടം പരിശോധിച്ച് ഓരോ വാർഡിന്റെയും സവിശേഷതകൾ പട്ടികപ്പെടുത്തൂ.

| വാർഡ് നമ്പർ | സവിശേഷതകൾ |
|---|---|
| 1 | • തമിഴ്നാടുമായി അതിർത്തി പങ്കിടുന്നു.<br>• പൊതുകിണറുണ്ട്.<br>• സ്കൂൾ ഉണ്ട്.<br>• പുഴ ഉണ്ട്. |
| 2 | |
| 3 | |
| 4 | |
| | |


ഇതുപോലെ നിങ്ങളുടെ പഞ്ചായത്തിന്റെ സവിശേഷതകൾ ഗ്രാമപ്പഞ്ചായത്ത് ഭൂപടത്തിൽനിന്നു കണ്ടെത്തൂ.

## എന്റെ ജില്ല

കേരളത്തിന്റെ ഭൂപടത്തിൽ സ്വന്തം ജില്ല കണ്ടെത്തൂ. സ്വന്തം ജില്ലയുടെ രേഖാചിത്രത്തിൽ താഴെ കൊടുത്തവ അടയാളപ്പെടുത്തൂ.

- അയൽ ജില്ലകൾ
- ജില്ലാ ആസ്ഥാനം
- വിനോദസഞ്ചാരകേന്ദ്രങ്ങൾ
- നദികൾ

മറ്റെന്തെല്ലാം നമുക്ക് രേഖപ്പെടുത്താം?



വിശാലമായ ഒരു പ്രദേശത്തെ സവിശേഷതകൾ ഒരു കടലാസിൽ കൃത്യമായി ചിത്രീകരിക്കാൻ നമുക്ക് കഴിയും. ഭൂപ്രദേശങ്ങളുടെ ഇത്തരത്തിലുള്ള ചിത്രീകരണത്തെയാണ് ഭൂപടം എന്നു പറയുന്നത്.



## പ്രധാന പഠനനേട്ടങ്ങൾ

- സൂചിക അടിസ്ഥാനപ്പെടുത്തി കേരളത്തിന്റെ ഭൂപടം വായിക്കുന്നു.
- ഭൂപടത്തിൽ ദിക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നു.
- സ്വന്തം ക്ലാസ് മുറിയുടെയും വിദ്യാലയത്തിന്റെയും രൂപരേഖ ദിശ പാലിച്ച് തയാറാക്കുന്നു.
- വടക്കുനോക്കിയന്ത്രം ഉപയോഗിച്ച് ദിക്കുകൾ കണ്ടെത്തുന്നു.
- ഭൂപടങ്ങളിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് പ്രധാന വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.
- കേരളത്തിന്റെയും സ്വന്തം ജില്ലയുടെയും ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.
- പഞ്ചായത്ത് ഭൂപടം വായിച്ച് പഞ്ചായത്തിലെ വിഭവങ്ങൾ പട്ടികപ്പെടുത്തുന്നു.
- ജില്ലാ ഭൂപടത്തിൽ വിഭവങ്ങൾ ചിത്രീകരിക്കുന്നു.



## വിലയിരുത്താം


**1 ദിക്കുകളി**

ഒമ്പത് കളങ്ങൾക്കു നടുവിലുള്ള കളത്തിൽ ഒരു കുട്ടി നിൽക്കണം. 'കിഴക്ക്' എന്നു പറയുമ്പോൾ കിഴക്കുള്ള കളത്തിലേക്ക് കുട്ടി ചാടണം. ഉടനെ തന്നെ നടുവിലെ കളത്തിലേക്കു തിരിച്ചു ചാടണം. പല ദിക്കുകൾ പറഞ്ഞ് കളി ആവർത്തിക്കും. ഏറ്റവും കൂടുതൽ സമയം തെറ്റാതെ കളിച്ച കുട്ടി ഒന്നാം സ്ഥാനത്തെത്തുന്നു.

| | | |
|---|---|---|
| വടക്കു പടിഞ്ഞാറ് | വടക്ക് | വടക്കുകിഴക്ക് |
| പടിഞ്ഞാറ് | | കിഴക്ക് |
| തെക്കു പടിഞ്ഞാറ് | തെക്ക് | തെക്കുകിഴക്ക് |

**2. ഏതു ദിക്കിൽ?**

മൃഗശാലയിലെ നിരീക്ഷണഗോപുരത്തിലാണ് ലിയാന ഇപ്പോൾ നിൽക്കുന്നത്. ഗോപുരത്തിന്റെ ഏതു ദിക്കിലാണ് ഓരോ ജീവിയുമെന്ന് എഴുതൂ.




- ഗോപുരത്തിന്റെ വടക്ക് ദിക്കിലുള്ള ജീവി ഏത്?
- ഒട്ടകം ഗോപുരത്തിന്റെ ഏതു ദിക്കിലാണ്?
- ഗോപുരത്തിന്റെ ഏതു ദിക്കിലാണ് കുതിര?
- ഗോപുരത്തിന്റെ ഏതു ദിക്കിലാണ് മുതല?
- പാമ്പിന്റെ സ്ഥാനം എവിടെയാണ്?

## 3. സൂചിക നിർമിക്കാം

താഴെ കൊടുത്തിരിക്കുന്ന രേഖാചിത്രത്തിൽ നിന്ന് എന്തെല്ലാം കാര്യങ്ങൾ കണ്ടെത്താൻ കഴിയും?




കണ്ടെത്തിയ ഓരോന്നിനും സൂചിക നിർമിച്ച് രേഖപ്പെടുത്തുക.

- പോലീസ് സ്റ്റേഷൻ
- റെയിൽവേ സ്റ്റേഷൻ
- ബസ് സ്റ്റേഷൻ
- പോസ്റ്റ് ഓഫീസ്
- പുഴ
- പാലം
- 

**സൂചിക**

4. **ശരിയായതിനു നേരെ ✓ ചിഹ്നം ചേർക്കുക.**

- ദിക്ക് അറിയാനുള്ള ഉപകരണത്തിന്റെ പേര്?

  (തെർമോമീറ്റർ, സ്പീഡോമീറ്റർ, വടക്കുനോക്കിയന്ത്രം, ദൂരദർശിനി)

- ഒരു ഭൂപടത്തിന്റെ മുകൾഭാഗം ഏതു ദിക്കിനെയാണ് സൂചിപ്പിക്കുന്നത്?

  (കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക്)

5. **താഴെ കൊടുത്ത ചിഹ്നങ്ങൾ ഓരോന്നും എന്തിനെയാണ് സൂചിപ്പിക്കുന്നത്?**

| | |
|---|---|
|  | |
|  | |
|  | |
|  | |




## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ വീടിന്റെ രൂപരേഖ വരയ്ക്കൂ. അതിനടുത്തുള്ള കെട്ടിടങ്ങൾ, വഴി, റോഡ്, അയൽവീടുകൾ എന്നിവ സൂചിപ്പിക്കൂ.
- കാർഡ്ബോർഡ്, പത്രക്കടലാസ് എന്നിവ ഉപയോഗിച്ച് സ്വന്തം സ്കൂൾ രേഖാചിത്രത്തിന്റെ മാതൃക നിർമിക്കുക.

9

# ഇന്ത്യയിലൂടെ...



## വിശാല ഭൂമി

ഭാരതമെന്നെൻ രാജ്യത്തെ
സംസ്ഥാനങ്ങൾ പറഞ്ഞീടാം
വടക്ക് ജമ്മുകാശ്മീര്
സഞ്ചാരികളുടെ സ്വപ്നമിത്
തെക്കേ അറ്റം തമിഴ്നാട്
പൊങ്കൽ ഉത്സവനാടാണ്
കിഴക്കുഭാഗം അരുണാചൽ
ചുവന്ന മലയുടെ സംസ്ഥാനം
ഗാന്ധി ജനിച്ചൊരു ഗുജറാത്ത്
പടിഞ്ഞാറ്റത്താണല്ലോ

കവിതയിൽ എന്തെല്ലാമാണ് സൂചിപ്പിക്കുന്നത്?
ഏതെല്ലാം സംസ്ഥാനങ്ങൾ?
കണ്ടെത്തി എഴുതൂ.
ഇന്ത്യയിൽ വേറെയും സംസ്ഥാനങ്ങൾ ഉണ്ടല്ലോ.
അവ ഏതെല്ലാമാണ്?




കുറിപ്പ്: ആന്ധ്രപ്രദേശ് വിഭജിച്ച് ആന്ധ്രപ്രദേശ്, തെലങ്കാന എന്നീ രണ്ട് സംസ്ഥാനങ്ങൾ രൂപീകരിച്ചു.

## തിരിച്ചറിയാം

ഇന്ത്യയുടെ ഭൂപടം നിരീക്ഷിച്ചല്ലോ?

- അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന സംസ്ഥാനങ്ങൾ ഏവ?
- ബംഗാൾ ഉൾക്കടലിനോട് ചേർന്നുകിടക്കുന്ന സംസ്ഥാനങ്ങളോ?
- ഏതൊക്കെ സംസ്ഥാനങ്ങൾക്കാണ് കടൽത്തീരമില്ലാത്തത്?
-

കൂടുതൽ അറിയാം



### അരുണാചൽ പ്രദേശ്

ഇന്ത്യയുടെ കിഴക്കേ അറ്റത്തുള്ള സംസ്ഥാനം. നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ ബുദ്ധവിഹാരം ഇവിടെ സ്ഥിതിചെയ്യുന്നു. തലസ്ഥാനം ഇറ്റാനഗർ. ഓർക്കിഡുകളുടെ പറുദീസയാണ് അരുണാചൽ. മിഥുൻ അരുണാചലുകാരുടെ പ്രിയപ്പെട്ട മൃഗമാണ്. വിവിധ ഭാഷകൾ സംസാരിക്കുന്ന ജനങ്ങളാണ് ഈ സംസ്ഥാനത്തുള്ളത്.



### ജമ്മുകാശ്മീർ



ഇന്ത്യയുടെ വടക്കേ അറ്റത്തെ സംസ്ഥാനം. മലകളുടെയും തടാകങ്ങളുടെയും നദികളുടെയും നാടാണ് ജമ്മുകാശ്മീർ. ഇന്ത്യയിലെ ഏറ്റവും വലിയ ശുദ്ധജലതടാകമായ വൂളാർ ശ്രീനഗറിലാണ്. ദാൽ തടാകവും പ്രസിദ്ധമാണ്. ഉർദു, കാശ്മീരി എന്നിവയാണ് മുഖ്യ ഭാഷകൾ. ഇവിടത്തെ പ്രധാന നൃത്തരൂപങ്ങളാണ് ഹഫിസ, ബച്ചാ നാഗ്മ, റഫ് എന്നിവ. ജമ്മുകാശ്മീരിന് രണ്ട് തലസ്ഥാനങ്ങളുണ്ട്. ശൈത്യകാലത്തെ തലസ്ഥാനമാണ് ജമ്മു. വേനൽക്കാലത്തെ തലസ്ഥാനം ശ്രീനഗർ ആണ്.



## തമിഴ്നാട്



ഇന്ത്യയുടെ തെക്കേ അറ്റത്തെ സംസ്ഥാനം. പ്രധാന ഭാഷ തമിഴ്. കേരളത്തിന്റെ അയൽസംസ്ഥാനമാണിത്. ഭരതനാട്യത്തിന്റെ നാട്. ചെന്നൈ ആണ് തലസ്ഥാനം. പട്ടുവസ്ത്രത്തിന് പേരുകേട്ട കാഞ്ചീപുരം തമിഴ്നാട്ടിലാണ്.



## ഗുജറാത്ത്



ഇന്ത്യയുടെ പടിഞ്ഞാറേ അറ്റത്തുള്ള സംസ്ഥാനം. മഹാത്മാഗാന്ധിയുടെ ജന്മംകൊണ്ട് പ്രശസ്തമായ പോർബന്തർ ഇവിടെയാണ്. ഗാർബ നൃത്തമാണ് ഗുജറാത്തിന്റെ തനത് കലാരൂപം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള സംസ്ഥാനവും ഗുജറാത്താണ്. തലസ്ഥാനം ഗാന്ധിനഗർ. പ്രധാന ഭാഷ ഗുജറാത്തി.



നമ്മുടെ രാജ്യത്തെ ഏതാനും സംസ്ഥാനങ്ങൾ നിങ്ങൾ പരിചയപ്പെട്ടല്ലോ.

- മറ്റു സംസ്ഥാനങ്ങളുടെ വിവരങ്ങളും ശേഖരിക്കൂ. പരിസരപുസ്തകത്തിൽ കുറിക്കൂ.

ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് പട്ടിക പൂർത്തിയാക്കൂ.

| സംസ്ഥാനം | തലസ്ഥാനം | അയൽ സംസ്ഥാനങ്ങൾ |
|---|---|---|
| | | |
| | | |
| | | |
| | | |

ഇന്ത്യയിലെ സംസ്ഥാനങ്ങളെ പരിചയപ്പെട്ടല്ലോ.

ഇവ കൂടാതെ 6 കേന്ദ്രഭരണപ്രദേശങ്ങളും ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുമുണ്ട്.

അവയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് പരിസരപുസ്തകത്തിൽ എഴുതൂ.

## ഭാഷകൾ പലതെങ്കിലും

സ്കൂൾ അസംബ്ലിയിൽ നാം ചൊല്ലാറുള്ള പ്രതിജ്ഞ തുടങ്ങുന്നത് എങ്ങനെയാണ്?

മറ്റു സംസ്ഥാന ഭാഷകളിൽ ഈ പ്രതിജ്ഞ തുടങ്ങുന്നത് എങ്ങനെയാണെന്ന് ശ്രദ്ധിക്കൂ.




ഇതൊക്കെ നമ്മുടെ അയൽസംസ്ഥാനങ്ങളിലെ ഭാഷകളാണ്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ഭാഷകൾ ഏതൊക്കെയാണ്?

| സംസ്ഥാനം | ഭാഷ |
|---|---|
| | |
| മധ്യപ്രദേശ് | ഹിന്ദി |
| പശ്ചിമബംഗാൾ | ബംഗാളി |
| | |
| | |

- നിങ്ങൾ പൂർത്തിയാക്കിയ പട്ടിക പരിശോധിച്ച് ഏറ്റവും കൂടുതൽ സംസ്ഥാനങ്ങളിൽ സംസാരിക്കുന്ന ഭാഷ ഏതാണെന്നു കണ്ടെത്തൂ.

## ഭാഷാവിശേഷങ്ങൾ

- ഏറ്റവും അധികം ഇന്ത്യക്കാർ സംസാരിക്കുന്ന ഭാഷ ഹിന്ദിയാണ്.
- പ്രാദേശികഭാഷകളായി ഭരണഘടന അംഗീകരിച്ചിരിക്കുന്നത് 22 ഭാഷകളെയാണ്.
- പത്തുലക്ഷത്തിലധികം ജനങ്ങൾ സംസാരിക്കുന്ന ഇന്ത്യൻ ഭാഷകൾ നാൽപ്പതോളമുണ്ട്.
- ആയിരത്തി എഴുനൂറോളം സംസാരഭാഷകൾ ഇന്ത്യയിലുണ്ട്. ഇവയിൽ ചിലത് സംസാരിക്കുന്നവരുടെ എണ്ണം ആയിരത്തിൽ താഴെയേ വരൂ.

## കലകൾ

വിവിധ ഭാഷകൾ നമുക്ക് ഉണ്ടല്ലോ. അതുപോലെ വ്യത്യസ്ത കലാരൂപങ്ങളും നമുക്കുണ്ട്.



കുച്ചുപ്പുടി ഒഡീസി കഥക് ഭരതനാട്യം മണിപ്പൂരി

ഇവയിൽ നിങ്ങൾക്ക് പരിചിതമായ കലാരൂപം ഏതാണ്? അത് ഏതു സംസ്ഥാനത്തെ കലാരൂപമാണ്?

ഇന്ത്യയിലെ വ്യത്യസ്ത സംസ്ഥാനങ്ങളിലെ പ്രധാന കലാരൂപങ്ങൾ കണ്ടെത്തി പരിസരപുസ്തകത്തിൽ എഴുതൂ.

| സംസ്ഥാനം | കലാരൂപങ്ങൾ |
|---|---|
| തമിഴ്നാട് | ഭരതനാട്യം |
| | ഒഡീസി |
| | കഥക് |
| | |

വിവിധ ഭാഷകൾ, വസ്ത്രങ്ങൾ, വസ്ത്രധാരണരീതി എന്നിവയിലുള്ള വ്യത്യാസം, പല പല കലാരൂപങ്ങൾ...

നമ്മുടെ ഇന്ത്യ എന്തെല്ലാം വൈവിധ്യങ്ങൾ നിറഞ്ഞതാണ്?

ഈ വൈവിധ്യങ്ങൾക്കിടയിലും ഭാരതീയരായ നമ്മെ ഒന്നിപ്പിക്കുന്നത് എന്തൊക്കെയാണ്?

## ദേശീയചിഹ്നങ്ങൾ

നാമെല്ലാം ഒറ്റ മനസ്സോടെ ആദരിക്കുകയും അഭിമാനം കൊള്ളുകയും ചെയ്യുന്ന ദേശീയചിഹ്നങ്ങളെ കുറിച്ച് അറിയേണ്ടേ?

## ദേശീയഗാനം

ദേശീയഗാനം രചിച്ചത് ആരാണ്?

ദേശീയഗാനം ആലപിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ നാം ശ്രദ്ധിക്കണം?


- ആലപിക്കാൻ എടുക്കുന്ന സമയം.
- 

ദേശീയഗാനം ആലപിക്കുമ്പോൾ ആദരപൂർവം എഴുന്നേറ്റു നിൽക്കണം. 52 സെക്കന്റ് സമയത്തിനുള്ളിലാണ് ദേശീയഗാനം ആലപിക്കേണ്ടത്.

**ദേശീയഗാനം**

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## രബീന്ദ്രനാഥ ടാഗോർ



നമ്മുടെ ദേശീയഗാനം രചിച്ചത് രബീന്ദ്രനാഥ ടാഗോർ ആണ്. അദ്ദേഹം പശ്ചിമബംഗാളിലെ കൊൽക്കത്തയിലാണ് ജനിച്ചത്. ചെറുപ്പം മുതൽതന്നെ കവിതകൾ എഴുതിത്തുടങ്ങി. ഗീതാഞ്ജലി എന്ന കൃതി സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടി. അദ്ദേഹം ശാന്തിനികേതനിൽ തുടക്കമിട്ട വിദ്യാലയമാണ് പിന്നീട് വിശ്വഭാരതി സർവകലാശാലയായി മാറിയത്.

### ദേശീയഗീതം



വന്ദേമാതരം... എന്നു തുടങ്ങുന്ന ഗാനമാണ് നമ്മുടെ ദേശീയഗീതം. ബങ്കിംചന്ദ്ര ചാറ്റർജിയാണ് ഇത് രചിച്ചത്.

### ദേശീയപതാക

നമ്മുടെ ദേശീയപതാകയിൽ മുകൾ ഭാഗത്ത് കുങ്കുമം, മധ്യത്തിൽ വെള്ള, താഴെ പച്ച എന്നിങ്ങനെ 3 നിറങ്ങളുണ്ട്. വെള്ള നിറത്തിന്റെ നടുവിലായി നാവിക നീല നിറത്തിൽ 24 ആരക്കാലുകളുള്ള അശോകചക്രമുണ്ട്. നമ്മുടെ ദേശീയപതാക രൂപകൽപ്പന ചെയ്തത് പിംഗളി വെങ്കയ്യയാണ്.





## ദേശീയമുദ്ര

സാരനാഥിൽ അശോക ചക്രവർത്തി സ്ഥാപിച്ച സ്തൂപത്തിൽ നിന്നാണ് നമ്മുടെ ദേശീയമുദ്ര സ്വീകരിച്ചിട്ടുള്ളത്. നാലുദിക്കിലേക്ക് നോക്കുന്ന നാലു സിംഹങ്ങളും ചുവട്ടിൽ ധർമചക്രവും ചുറ്റിലുമായി ആന, കുതിര, കാള എന്നീ രൂപങ്ങളും ഉണ്ട്. ചുവടെ 'സത്യമേവ ജയതേ' എന്ന് എഴുതിയിട്ടുമുണ്ട്.



सत्यमेव जयते



ദേശീയവൃക്ഷം



ദേശീയമൃഗം



ദേശീയപക്ഷി



ദേശീയപുഷ്പം


- നമ്മുടെ ദേശീയചിഹ്നങ്ങളുടെ ചിത്രങ്ങളും അവയെക്കുറിച്ചുള്ള വിവരങ്ങളും ശേഖരിക്കൂ. പരിസരപുസ്തകത്തിൽ എഴുതൂ.
  - ദേശീയഫലം
  - ദേശീയവിനോദം
  -

## പ്രധാന പഠനനേട്ടങ്ങൾ

- വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യയെന്ന് വിശദീകരിക്കുന്നു.
- ഇന്ത്യയിലെ 29 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും രാജ്യ തലസ്ഥാന പ്രദേശവും കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- ഓരോ സംസ്ഥാനത്തിലും തനത് കലാരൂപങ്ങൾ നിലനിൽക്കുന്നുവെന്ന് വിശദീകരിക്കുന്നു.
- ഇന്ത്യയിൽ വിവിധ ഭാഷകൾ ഉണ്ടെന്ന് കണ്ടെത്തി പറയുന്നു.
- വൈവിധ്യങ്ങൾ ഉണ്ടെങ്കിലും നമ്മൾ ഇന്ത്യക്കാരാണെന്ന ബോധം ജനിപ്പിക്കുന്ന നിരവധി പൊതുഘടകങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

## വിലയിരുത്താം

- അയൽ സംസ്ഥാനങ്ങൾ സമീപ കളങ്ങളിൽ വരാത്തവിധം കളം നിറയ്ക്കൂ.





## തുടർപ്രവർത്തനങ്ങൾ

- ദേശീയപതാകയുടെ മാതൃകകൾ നിർമിക്കൂ.
- വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഇന്ത്യയുടെ ഭൂപടം നിർമിക്കൂ.
- ദേശഭക്തിഗാനങ്ങൾ ശേഖരിക്കുക, ആലപിക്കുക.
- ഇന്ത്യയുടെ വൈവിധ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ക്വിസ് മത്സരത്തിന് ആവശ്യമായ ചോദ്യങ്ങൾ തയാറാക്കൂ.

# 10

# കണ്ണെത്താ ദൂരത്ത് കൈയെത്താ ദൂരത്ത്



വേണു : മുത്തച്ഛാ, അമേരിക്കയിലുള്ള ശാലിനിച്ചേച്ചിയുടെ കല്യാണത്തിന്റെ ക്ഷണക്കത്ത് വന്നിട്ടുണ്ട്.

മുത്തച്ഛൻ: ഓഹോ, എന്നാണ് വന്നത്? പോസ്റ്റ്മാനേ കണ്ടില്ലല്ലോ?

വേണു : ഇപ്പോൾ അവിടെ നിന്ന് അയച്ചിട്ടേ ഉള്ളൂ.

മുത്തച്ഛൻ: കാലം പോയ പോക്കേ, കത്ത് അയച്ചപ്പോൾ തന്നെ അത് ഇവിടെ കിട്ടിയോ?

വേണു : ഇത് ഇ-മെയിൽ ആണ് മുത്തച്ഛാ.


മുത്തച്ഛൻ: പണ്ടൊക്കെ ഒരു കത്തയച്ചാൽ കിട്ടാൻ ദിവസങ്ങളോളം എടുക്കുമായിരുന്നു.

വേണു : അതേയോ? എന്താണങ്ങനെ?

മുത്തച്ഛൻ: അക്കാലത്ത് കമ്പ്യൂട്ടറൊന്നും ഇല്ലായിരുന്നു.

വേണു : മുത്തച്ഛാ, അന്നൊക്കെ വിവരങ്ങൾ അറിയിച്ചിരുന്നത് എങ്ങനെയാണ്?


മുത്തച്ഛൻ: അക്കാലത്ത് ഇന്നത്തെപ്പോലെ വാർത്താവിനിമയ സംവിധാനങ്ങൾ ഒന്നും ഇല്ലായിരുന്നു. പണ്ട് വിവരങ്ങൾ കൈമാറുന്നതിന് പ്രാവുകളെ ഉപയോഗിച്ചിരുന്നു. യുദ്ധകാലത്ത് സന്ദേശങ്ങൾ കൈമാറുന്നതിനും കരയിൽ നിന്ന് കപ്പലിലേക്ക് സന്ദേശങ്ങൾ അയയ്ക്കാനും പ്രാവുകളെയാണ് ഉപയോഗിച്ചിരുന്നത്.



സന്ദേശങ്ങൾ അയയ്ക്കാൻ പരിശീലനം നൽകിയ പ്രാവുകളെയാണ് ഉപയോഗിച്ചിരുന്നത്. അവ സന്ദേശങ്ങൾ എത്തിച്ചശേഷം തിരികെ വരുമായിരുന്നു.



പഴയകാലത്ത് പക്ഷികൾക്കു പുറമേ വിവരവിനിമയത്തിന് മറ്റ് എന്തെല്ലാം മാർഗങ്ങൾ ഉപയോഗിച്ചിരുന്നു?



പെരുമ്പറ



ദൂതൻ




അഞ്ചലോട്ടക്കാരൻ

ചിത്രങ്ങൾ ശ്രദ്ധിക്കൂ...

ഓരോ ചിത്രത്തിലെയും ആളുകൾ സന്ദേശങ്ങൾ കൈമാറുന്നത് എങ്ങനെയെല്ലാമാണ്?

വിവരങ്ങൾ കൈമാറാൻ കത്തുകൾ പോലെ മറ്റെന്തെല്ലാം സംവിധാന ങ്ങൾ ഉപയോഗിക്കുന്നുണ്ട്?

പട്ടിക പൂർത്തിയാക്കൂ.



- ഇ-മെയിൽ
- ----------------------
- ----------------------
- ----------------------
- ----------------------
- ----------------------
- ----------------------

നിങ്ങൾ എഴുതിയതിൽ താഴെ തന്നിരിക്കുന്ന ഏതെല്ലാം വാർത്താവിനിമയ ഉപാധികളുണ്ട്?




ടീച്ചറുമായി ചർച്ചചെയ്ത് അവയുടെ പേരെഴുതൂ.

## മാറ്റങ്ങൾ... മാറ്റങ്ങൾ...




വാർത്താവിനിമയ രംഗത്ത് മാറ്റങ്ങൾ ഉണ്ടാവാനുള്ള കാരണങ്ങൾ എന്തെല്ലാമായിരിക്കും?

നിങ്ങളുടെ പരിസരപുസ്തകത്തിലെഴുതൂ...

വാർത്തകൾ കൈമാറുന്നതിലെ വേഗത, കുറഞ്ഞ ചെലവ്, വിനിമയ സൗകര്യം എന്നിവയ്ക്കനുസരിച്ച് വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

## കേൾവിയിൽ നിന്ന് കാഴ്ചയിലേക്ക്

വാർത്താവിനിമയ രംഗത്ത് അനുദിനം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണല്ലോ, അൽപ്പകാലം മുമ്പുവരെ വാർത്തകൾ അറിയാൻ റേഡിയോ മാത്രമായിരുന്നു നാം ഉപയോഗിച്ചിരുന്ന ഇലക്ട്രോണിക് ഉപകരണം. എന്നാൽ ഇന്നോ?

മാറ്റങ്ങൾ തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കൂ.

| | |
|---|---|
| റേഡിയോ | |
| കത്ത് | ഇ-മെയിൽ |
| ടെലിഫോൺ | |

## ഞങ്ങൾ വാർത്താവിനിമയ രംഗത്തെ നാഴികക്കല്ലുകൾ...

### പത്രം




കൂട്ടുകാരെ... ഞാൻ ലോകത്തിൽ ഏറ്റവുമധികം പ്രചാരമുള്ള വാർത്താവിനിമയോപാധികളിലൊന്നാണ്. ലോകത്തിന്റെ ഏതു കോണിൽ നടക്കുന്ന പ്രധാന വിവരങ്ങളും എനിക്ക് നിങ്ങളിലേക്ക് എത്തിക്കാൻ കഴിയും. പുതിയ പുതിയവാർത്തകളുമായി ദിവസേന നിങ്ങളെത്തേടിയെത്തുന്ന എന്നെ ദിനപ്പത്രം എന്നും വിളിക്കാറുണ്ട്.

### കമ്പ്യൂട്ടർ



നിങ്ങൾ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന ഇലക്ട്രോണിക് ഉപകരണം അല്ലേ ഞാൻ? ആവശ്യാനുസരണം ശബ്ദം, എഴുത്ത്, ചിത്രങ്ങൾ, വീഡിയോ തുടങ്ങി എല്ലാ വിവരങ്ങളും ഞാൻ നിങ്ങൾക്ക് നൽകുന്നുണ്ട്. മാത്രമല്ല അവ സൂക്ഷിച്ച് വെയ്ക്കാനും വീണ്ടും നൽകുവാനും ഞാൻ തയ്യാറാണ്. പല ഗെയിമുകളിലും നമ്മളൊന്നിച്ച് പങ്കെടുക്കാറുള്ളത് മറന്നിട്ടില്ലല്ലോ. എനിക്ക് നിരന്തരം മാറ്റങ്ങൾ വന്നു കൊണ്ടേയിരിക്കും. അത് അറിയാൻ ശ്രമിക്കണേ...

### ടെലിഗ്രാഫ്



എന്നെ നിങ്ങൾക്ക് അത്ര പരിചയമുണ്ടാവില്ല. കാരണം ഞാനിന്ന് ഇല്ല. പക്ഷേ വളരെക്കാലം ജനങ്ങൾ പെട്ടെന്നുള്ള ആശയവിനിമയത്തിന് എന്നെയാണ് ആശ്രയിച്ചിരുന്നത്. അകലെ എന്നർഥമുള്ള 'ടെലി', എഴുതുക എന്നർഥമുള്ള 'ഗ്രാഫിൻ' എന്നീ രണ്ട് ഗ്രീക്ക് പദങ്ങൾ ചേർന്നാണ് ടെലിഗ്രാം എന്ന് എനിക്ക് പേരുണ്ടായത്. ഇടയ്ക്കെങ്കിലും എന്നെയൊന്നോർക്കണേ.. എന്റെ ചരിത്രം അന്വേഷിച്ചറിയില്ലേ...

### റേഡിയോ



മാർക്കോണി എന്ന ശാസ്ത്രജ്ഞനാണ് എന്നെ നിങ്ങൾക്ക് പരിചയപ്പെടുത്തിയത്. വാർത്തകൾ എത്രയും പെട്ടെന്ന് ലോകം മുഴുവൻ എത്തിക്കാൻ എനിക്കാകും. പക്ഷേ ശബ്ദം മാത്രം നൽകുവാനേ എനിക്കു കഴിയൂ. എങ്കിലും വിജ്ഞാനപ്രദവും രസകരവുമായ എന്തെല്ലാം പരിപാടികളാണ് ദിവസവും നിങ്ങൾക്കായി ഒരുക്കുന്നതെന്നറിയാമോ? ഒന്നു കേട്ടു നോക്കൂ... മറക്കരുത്.

### ടെലിവിഷൻ



ഞാനിന്ന് നിങ്ങളുടെ വീട്ടിലെ ഒരംഗത്തെ പോലെയാണ്. 'ടെലി' എന്ന ഗ്രീക്കുപദവും 'വിഷൻ' എന്ന ലാറ്റിൻ പദവും ചേർന്നാണ് എന്റെ പേരുണ്ടായത്. വാർത്തകൾ, വിജ്ഞാനം, വിനോദം തുടങ്ങി ഒട്ടേറെ വിശേഷങ്ങളുമായാണ് ഞാൻ നിങ്ങളുടെ മുന്നിലെത്തുന്നത്.

## ഇന്റർനെറ്റ്

ലോകത്തിലെ എല്ലാഭാഗങ്ങളിലുമുള്ള കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിച്ച് വിവരങ്ങൾ കൈമാറാൻ എനിക്ക് കഴിയും. പരസ്പരം കണ്ടു സംസാരിക്കാനും വീഡിയോ കോൺഫറൻസ് നടത്താനുമെല്ലാം എനിക്കു സാധിക്കും. ഇപ്പോൾ നിങ്ങൾക്കു മനസ്സിലായില്ലേ 'വിജ്ഞാനം വിരൽ തുമ്പിൽ' എന്ന വിശേഷണം എനിക്ക് നന്നായിച്ചേരുമെന്ന്!





## ഫാക്സ്

ചിത്രങ്ങളും, വിവരങ്ങളുമായി എന്നെ ഏൽപ്പിക്കുന്ന ഏതു സന്ദേശത്തിന്റെയും തനിപകർപ്പ് ഏതു രാജ്യത്ത് വേണമെങ്കിലും എത്തിക്കാൻ എനിക്കു കഴിയും. കൂടെ ഫോൺ സന്ദേശവും കൈമാറാൻ പറ്റും. എന്റെ പേരാണ് ഫാക്സ്.

## ടെലിഫോൺ



"മിസ്റ്റർ വാട്സൺ... ഇവിടെ വരൂ...
എനിക്ക് നിങ്ങളുടെ സഹായം വേണം..."
എന്റെ ആദ്യ ശബ്ദമാണിത്. 1876 മാർച്ച് 10 ന് ആണ് ഞാൻ ജനിച്ചത്. അലക്സാണ്ടർ ഗ്രഹാംബെൽ എന്ന മഹാനായ ശാസ്ത്രജ്ഞനാണ് എന്നെ ലോകത്തിന് പരിചയപ്പെടുത്തിയത്. ഇന്ന് എന്റെ കൂട്ടുകാർ നിരവധിയാണ്... എന്തെല്ലാം സേവനങ്ങളാണ് ഞങ്ങൾ ഇന്ന് നൽകുന്നതെന്ന് ആലോചിച്ച് നോക്കൂ...

## വാക്കിടോക്കി

എന്നെ നിങ്ങൾക്കു പരിചയമില്ലേ? പോലീസുകാരുടെ കയ്യിൽ നിങ്ങളെന്നെ കണ്ടിരിക്കും. എന്നെ കൂടുതലായി ഉപയോഗിക്കുന്നത് അവരാണ്. രാജ്യസുരക്ഷയ്ക്കും ക്രമസമാധാനത്തിനുമെല്ലാമായി ഞാനെപ്പോഴും ഉണർന്നിരിക്കും. അങ്ങോട്ടും ഇങ്ങോട്ടും സംസാരിക്കുവാനും കൊണ്ടു നടക്കുവാനും കഴിയുന്ന ആദ്യത്തെ ഉപകരണം ഞാനാണ്.



## മൊബൈൽഫോൺ



ഹലോ...

ഒന്നു നോക്കൂ...

ഞാനിന്ന് ആകെ സ്മാർട്ടായിട്ടില്ലേ? അതേ... നിങ്ങളുടെ കളിക്കൂട്ടുകാരൻ ഫോൺ വിളിക്കുവാൻ മാത്രമല്ല സന്ദേശങ്ങൾ അയക്കാൻ, ഫോട്ടോ എടുക്കാൻ, വീഡിയോ ഗെയിമുകൾ തുടങ്ങി നിങ്ങൾക്ക് വേണ്ട എല്ലാ സൗകര്യങ്ങളും നൽകുവാൻ ഞാൻ തയ്യാറാണ്. ഇന്റർനെറ്റ് ഉപയോഗിക്കാൻ എനിക്കു കഴിയും. പരസ്പരം കണ്ട് സംസാരിക്കുവാൻ കഴിയുന്ന എന്റെ പുതിയ പതിപ്പിനെപ്പറ്റി നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ?

## ക്രമപ്പെടുത്തൂ

ചിത്രങ്ങൾ നോക്കി ഉപയോഗത്തിൽ വന്നതിന്റെ ക്രമത്തിൽ എഴുതൂ.

| | | | |
|---|---|---|---|
| | | | |

## തരം തിരിക്കൂ

സന്ദേശങ്ങൾ കൈമാറുന്നതിന്റെ സ്വഭാവം അനുസരിച്ച് താഴെ പറയുന്ന സംവിധാനങ്ങളെ തരംതിരിച്ച് പട്ടികയിൽ എഴുതൂ.

| | | | | | |
|---|---|---|---|---|---|
| ഫോൺ | പത്രം | റേഡിയോ | ഇ-മെയിൽ | ടെലിവിഷൻ | ഫാക്സ് |

| ആശയ കൈമാറ്റം വ്യക്തിയിലേക്ക് | ആശയ കൈമാറ്റം സമൂഹത്തിലേക്ക് |
|---|---|
| • ഫോൺ | • പത്രം |
| • | • |
| • | • |

ഒരു സന്ദേശം ഒരു കൂട്ടം ആളുകൾക്ക് ഒരേസമയം കൈമാറ്റം ചെയ്യുന്ന സംവിധാനങ്ങളെ ബഹുജനആശയവിനിമയമാധ്യമങ്ങൾ എന്നു പറയുന്നു.



### ടെലിഗ്രാം നിർത്തലാക്കി

**ന്യൂഡൽഹി:** 163 വർഷത്തെ പ്രവർത്തനത്തിനൊടുവിൽ ഞായറാഴ്ചരാത്രി രാജ്യത്ത് ടെലിഗ്രാം സർവീസ് അവസാനിപ്പിച്ചു. ഒരുകാലത്ത് വിവരവിനിമയത്തിന് പരക്കെ ഉപയോഗിച്ചിരുന്ന സംവിധാനം അനിവാര്യമായ വിടവാങ്ങലാണ് നടത്തിയത്. ഗതകാലസ്മരണകളുടെ ശേഷിപ്പായി അവസാന ടെലിഗ്രാം മ്യൂസിയത്തിൽ സൂക്ഷിക്കും.

പരീക്ഷണാടിസ്ഥാനത്തിൽ 1850-ലാണ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യ[illegible] തുറമുഖത്തിനുമിടയ്ക്കായിരുന്നു ആദ്യസർവീസ്. നാലുവർഷത്തിനുശേഷമാണ് ടെലിഗ്രാം സേവനം പൊതുജനങ്ങൾക്ക് ലഭ്യമാവുന്നത്.

സ്വാതന്ത്ര്യസമരം രൂക്ഷമായപ്പോൾ ബ്രിട്ടീഷുകാർക്കിടയിലെ വിവരവിനിമയം തടസ്സപ്പെടുത്താനായി സ്വാതന്ത്ര്യവാദികൾ ടെലിഗ്രാം വയറുകൾ മുറിക്കുക പതിവായിരുന്നു.

വിവരവിനിമയരംഗത്തെ വൻകുതിച്ചുചാട്ടമാണ് ടെലിഗ്രാമിന്റെ അന്ത്യത്തിന് വഴിയൊരുക്കിയത്. ഇതോടെ ടെ[illegible]ന്നവരുടെ എണ്ണത്തിലും അതിൽനിന്നുള്ള വരുമാനത്തിലും വൻ ഇടിവുണ്ടായി.

രാജ്യമൊട്ടാകെ ടെലിഗ്രാം സേവനം ലഭ്യമാക്കാൻ ബി.എസ്.എൻ.എല്ലിന് വർഷത്തിൽ 100 കോടി രൂപ ചെലവുവരുന്നുണ്ട്. വരുമാനമാകട്ടെ 75 ലക്ഷത്തോളം മാത്രവും. അതോടെയാണ് ഈ സേവനം നിർത്താൻ തീരുമാനിച്ചത്.

75 ടെലിഗ്രാം കേന്ദ്രങ്ങളാണ് രാജ്യത്തുള്ളത്. ആയിരത്തിൽതാഴെ ജീവനക്കാരും. ഈ ജീവനക്കാരെ ബി.എസ്.എൻ.എൽ. പുനർവിന്യസിക്കും.

അടുത്തകാലം വരെ ഉപയോഗിച്ചുവന്നിരുന്ന ചില വിവരവിനിമയ സംവിധാനങ്ങൾ ഇന്ന് നിലവിലില്ല. എന്തുകൊണ്ട്?

ഇന്നു വാർത്താവിനിമയ സംവിധാനങ്ങൾ പല മേഖലകളിലേക്കും വ്യാപിച്ചിട്ടുണ്ട്.

**എന്തെല്ലാം?  എങ്ങനെയെല്ലാം?**








മറ്റേതൊക്കെ മേഖലകളിലാണ് ഇവ ഉപയോഗിക്കുന്നത്? അന്വേഷിച്ചറിയൂ.

- തത്സമയ സംപ്രേഷണം.
- 

**നിങ്ങൾക്കറിയാമോ?**



മൊബൈൽഫോണിലൂടെ ശബ്ദം എങ്ങനെയാണ് കേൾവിക്കാരനിൽ എത്തുന്നത്?

വിവരവിനിമയ സാങ്കേതികവിദ്യ അനുദിനം പുരോഗമിച്ചുവരികയാണ്. കാലാവസ്ഥാമാറ്റങ്ങൾ, പ്രകൃതിദുരന്തങ്ങൾ മുതലായവ മുൻകൂട്ടി അറിയാൻ ഇത് നമ്മെ സഹായിക്കുന്നു. ലോകത്തിന്റെ ഏതു ഭാഗത്തു നിന്നുമുള്ള വിവരങ്ങൾ നമ്മുടെ വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ അറിയാനും വിവരങ്ങൾ മറ്റുള്ളവരെ അറിയിക്കാനും വിവരവിനിമയ സാങ്കേതികവിദ്യ പ്രയോജനപ്പെടുന്നു.



## പ്രധാന പഠനനേട്ടങ്ങൾ

- പഴയകാല വാർത്താവിനിമയ സംവിധാനങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- വിവരവിനിമയരംഗത്തെ ക്രമാനുഗതമായ വളർച്ച തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- ആധുനിക വിവരവിനിമയ സംവിധാനങ്ങളെപ്പറ്റി കുറിപ്പുകൾ തയാറാക്കുന്നു.
- വിവിധ വാർത്താമാധ്യമങ്ങളെ അവയുടെ സ്വഭാവം അനുസരിച്ച് തരം തിരിക്കുന്നു.



## വിലയിരുത്താം

1. ആദ്യകാലത്ത് വിവരങ്ങൾ കൈമാറാൻ ഉപയോഗിച്ചിരുന്ന പക്ഷി?

   1. പരുന്ത്  2. പ്രാവ്  3. കുയിൽ

2. വാർത്തകൾ കാണാനും കേൾക്കാനും കഴിയുന്ന മാധ്യമം?

   1. റേഡിയോ  2. ടെലിവിഷൻ  3. പത്രം

3. നിങ്ങൾക്കറിയാവുന്ന മലയാളപത്രങ്ങളുടെ പേരുകളെഴുതുക.
4. ആദ്യകാല വാർത്താവിനിമയ ഉപകരണങ്ങളുടെ പരിമിതികൾ എന്തെല്ലാമായിരിക്കും?
5. ലാന്റ്ഫോൺ, മൊബൈൽഫോൺ എന്നിവയുടെ മികവുകളും പരിമിതികളും കണ്ടെത്തുക.

6. താഴെപ്പറയുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാവുന്ന ഏറ്റവും ഉചിതമായ വാർത്താവിനിമയ ഉപകരണം ഏത്?

a. കടലിൽ ഒറ്റപ്പെട്ടുപോയ മീൻപിടിത്തക്കാരന് മറ്റുള്ളവരുമായി ബന്ധപ്പെടാൻ.

b. കാലാവസ്ഥാപ്രവചനം കേൾക്കുന്നതിന്.

c. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ക്രിക്കറ്റ് മത്സരം തത്സമയം കാണുന്നതിന്.



## തുടർപ്രവർത്തനങ്ങൾ

1. തപാൽ സ്റ്റാമ്പ് ശേഖരണം.
2. ടെലി കോൺഫറൻസിങ്, വീഡിയോ കോൺഫറൻസിങ് (പ്രധാന അധ്യാപകനും കുട്ടികളുമായി).
3. കളിഫോൺ നിർമാണം.
4. ടെലഫോൺ എക്സ്ചേഞ്ച് സന്ദർശിച്ച്, സന്ദേശം വിനിമയം ചെയ്യുന്നതെങ്ങനെയെന്ന് മനസ്സിലാക്കൂ.
5. മലയാളം, ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾക്കൂ.
6. കുട്ടികളുടെ ആകാശവാണി.
7. സ്കൂളിലൊരു പോസ്റ്റ്ഓഫീസ്.

11

# കൂട്ടുകാർക്കൊരു കരുതൽ



ചിത്രം നിരീക്ഷിച്ചല്ലോ?

നിങ്ങളാണ് ഈ അപകടം കാണുന്നതെങ്കിൽ എന്തു ചെയ്യുമായിരുന്നു?




വാർത്തകളുടെ തലക്കെട്ടുകൾ ശ്രദ്ധിക്കുക.


അപകടത്തിൽപ്പെട്ടവരെ നാം സഹായിക്കാറുണ്ടോ?

ഇത്തരം അവസരങ്ങളിൽ നമുക്ക് എന്തൊക്കെ ചെയ്യാനാവും?

- ആശുപത്രിയിൽ എത്തിക്കാം.
- മുതിർന്നവരെ അറിയിക്കാം.
- ബന്ധപ്പെട്ട അധികാരികളെ അറിയിക്കാം.
- 
- 

നിങ്ങൾക്കോ കൂട്ടുകാർക്കോ എപ്പോഴെങ്കിലും അപകടങ്ങൾ സംഭവിച്ചിട്ടുണ്ടോ?

എന്തൊക്കെ അപകടങ്ങളാണ് സാധാരണ സംഭവിക്കാറുള്ളത്? എഴുതൂ.



## നമുക്കും സഹായിക്കാം

അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിൽ എത്തിക്കും മുമ്പ് പരിചരണം ആവശ്യമല്ലേ?

> അപകടത്തിൽപ്പെട്ടയാൾക്ക് വൈദ്യസഹായം ലഭിക്കുന്നതു വരെ ചെയ്യുന്നപരിചരണമാണ് പ്രഥമശുശ്രൂഷ.

## പ്രഥമശുശ്രൂഷ

പ്രഥമശുശ്രൂഷ നൽകുന്നതിന്റെ പ്രയോജനമെന്തൊക്കെയാണ്?

- പരിക്കിന്റെ തീവ്രത കൂടാതിരിക്കാൻ.
- 

പ്രഥമശുശ്രൂഷകന്റെ കടമകൾ എന്തൊക്കെയാണ്?



- അപകടത്തിൽപ്പെട്ടയാളെ ആശ്വസിപ്പിക്കുക.
- ആവശ്യമെങ്കിൽ എത്രയും വേഗം വൈദ്യസഹായം ലഭ്യമാക്കുക.
- 

ഓരോ അപകടത്തിനും സ്വീകരിക്കേണ്ട പ്രഥമശുശ്രൂഷയെ കുറിച്ച് ശരിയായ അറിവ് നമുക്ക് വേണ്ടതല്ലേ?

## മുറിവുകൾ

എപ്പോഴെങ്കിലും നിങ്ങൾക്ക് മുറിവേറ്റിട്ടുണ്ടോ?

ചെറിയ മുറിവുകൾ ഉണ്ടായാൽ എന്താണ് ചെയ്യാറുള്ളത്?

- മുറിവേറ്റ ഭാഗം ശുദ്ധജലം കൊണ്ട് വൃത്തിയായി കഴുകുക.
- മുറിവേറ്റ ഭാഗം ഉയർത്തിപ്പിടിക്കുക.



- രക്തം വാർന്നു പോകാതിരിക്കാൻ മുറിവേറ്റ ഭാഗം വൃത്തിയുള്ള തുണി ഉപയോഗിച്ച് അമർത്തിപ്പിടിക്കണം.
- മുറിവിൽ കട്ടപിടിച്ച രക്തം നീക്കം ചെയ്യരുത്.
- മുറിവുകൾ തുറന്നുവയ്ക്കുന്നത് അണുബാധ ഏൽക്കാൻ ഇടയാക്കും.
- വലിയ മുറിവുകളാണെങ്കിൽ മുറിവേറ്റയാളെ സൗകര്യപ്രദമായ രീതിയിൽ ഇരുത്തുകയോ കിടത്തുകയോ ചെയ്യണം.
- മുറിവേറ്റ ആളെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കണം.
- 

പ്രഥമശുശ്രൂഷ ചെയ്യുന്നയാൾ കൈകൾ വൃത്തിയായി കഴുകിയിരിക്കണമെന്ന് പറയുന്നതിന്റെ കാരണമെന്താണ്?

### മൂക്കിൽ നിന്ന് രക്തം വന്നാൽ...




- മുന്നോട്ട് ചായ്ച്ച് ഇരുത്തുക.
- തള്ളവിരലും ചൂണ്ടുവിരലും ഉപയോഗിച്ച് മൂക്കിന്റെ അഗ്രഭാഗം അമർത്തിപ്പിടിക്കുക.
- വായിലൂടെ ശ്വസിക്കാൻ നിർദേശിക്കുക.
- സംസാരിക്കാതിരിക്കാൻ നിർദേശിക്കുക.
- വൈദ്യസഹായം തേടുക.

### കണ്ണിൽ പൊടി വീണാൽ...



കണ്ണിൽ പൊടി വീഴുന്നത് സാധാരണമാണ്. കണ്ണിൽ പൊടി വീണാൽ കണ്ണു തിരുമ്മരുതെന്നു പറയുന്നതെന്തുകൊണ്ടാണ്?

കണ്ണിൽ വീണ പൊടി എങ്ങനെ നീക്കം ചെയ്യും?



ശുദ്ധജലം കണ്ണിൽ ധാരയായി ഒഴിച്ചും വൃത്തിയുള്ള, നനഞ്ഞ തൂവാലയുടെയോ മറ്റോ അറ്റം കൊണ്ടും എടുക്കാൻ കഴിയില്ലേ? കണ്ണിൽ തറച്ചുപോയ വസ്തുക്കൾ നാം തന്നെ നീക്കം ചെയ്യാൻ ശ്രമിക്കാതെ എത്രയും വേഗം വൈദ്യസഹായം ലഭ്യമാക്കണം.

## ഉളുക്ക്

കളിക്കുമ്പോഴോ പടികൾ ഇറങ്ങുമ്പോഴോ നിങ്ങളുടെ കാൽ എപ്പോഴെങ്കിലും ഉളുക്കിയിട്ടുണ്ടോ?

ഉളുക്കു പറ്റിയാൽ നിങ്ങൾ എന്തു ചെയ്യും?

- ഉളുക്കിയ ഭാഗം അനക്കാതെ ഉയർത്തിവയ്ക്കുക.
- വേദന കുറയ്ക്കാൻ ഐസ്പാക്ക് വയ്ക്കുക.



**ഐസ്പാക്ക്**

ഒരു പ്ലാസ്റ്റിക് കൂടിൽ ഐസ് ഇട്ട ശേഷം വെള്ളം ചേർത്ത് അതിന് മുകളിൽ വൃത്തിയുള്ള തുണി പൊതിഞ്ഞാൽ അത് ഐസ് പാക്കായി ഉപയോഗിക്കാം.



## ചതവ്

ഭാരമുള്ള വസ്തുക്കൾ ദേഹത്തു വീഴുമ്പോഴും മറ്റും ശരീരത്തിൽ ചതവ് ഉണ്ടാകാറുണ്ടല്ലോ?

ചതവിന് എന്തു പ്രഥമശുശ്രൂഷയാണ് ചെയ്യാൻ കഴിയുക?

വേദനയും നീർക്കെട്ടും ഒഴിവാക്കാൻ തണുത്ത വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തുണിയോ ഐസ്പാക്കോ ചതവുപറ്റിയ ഭാഗത്തു വയ്ക്കാം.

- ചൂടേൽപ്പിക്കുകയോ തിരുമ്മുകയോ ചെയ്യരുത്.

## ബോധക്ഷയം

ഗ്രൗണ്ടിൽ കളിച്ചു കൊണ്ടിരിക്കെ കൂട്ടുകാരന് ബോധക്ഷയം ഉണ്ടായാൽ നിങ്ങൾ എന്തു ചെയ്യും?


- തലചുറ്റുന്നു എന്ന് അറിയുമ്പോൾതന്നെ കിടത്താൻ സൗകര്യമൊരുക്കണം.
- കിടത്തിയ ശേഷം കാൽ ഉയർത്തിവയ്ക്കണം.
- ഇറുകിയ വസ്ത്രങ്ങളാണെങ്കിൽ അയച്ചിടാൻ ശ്രദ്ധിക്കണം.
- ചുറ്റും ആളുകൾ കൂടിനിൽക്കാതെ ശുദ്ധവായു ലഭ്യമാക്കണം.

## അസ്ഥിഭംഗം

അപകടത്തിൽപെടുമ്പോൾ ചിലപ്പോൾ അസ്ഥിക്ക് പൊട്ടലുണ്ടാകുന്നു, എന്നാൽ ചുറ്റുമുള്ള ശരീരഭാഗങ്ങൾക്ക് മുറിവുണ്ടാകുന്നില്ല. ചില സന്ദർഭങ്ങളിൽ ഒടിഞ്ഞ അസ്ഥി മാംസത്തിൽ തുളച്ചു കയറി പുറത്തുവരാറുമുണ്ട്.

ഈ അവസരത്തിൽ രക്തപ്രവാഹം തടയാനും മുറിവിലേക്ക് രോഗാണുക്കൾ പ്രവേശിക്കാതിരിക്കാനും ശ്രദ്ധിക്കണം.

എത്രയും വേഗം വൈദ്യസഹായം ലഭ്യമാക്കാൻ ശ്രമിക്കുകയും വേണം.






ഒടിഞ്ഞ ഭാഗം ഇളകാൻ അനുവദിക്കാതെ സംരക്ഷണം നൽകിയ ശേഷമേ അപകടത്തിൽപ്പെട്ടയാളെ മാറ്റാവൂ. അതിന് സ്പ്ലിന്റ് ഉപയോഗപ്പെടുത്താം.

### സ്പ്ലിന്റ്

എല്ലൊടിഞ്ഞ ഭാഗം കെട്ടുമ്പോൾ ഒടിഞ്ഞ ഭാഗത്തിനു മുകളിലും താഴെയുമുള്ള സന്ധികൾ അനങ്ങാതിരിക്കാനാണ് സ്പ്ലിന്റ് ഉപയോഗിക്കുന്നത്. സാധാരണ സ്കെയിൽ, കനംകുറഞ്ഞ മരക്കഷണം, കാർഡ് ബോർഡ് തുടങ്ങിയവ നമുക്ക് ഈ ആവശ്യത്തിനായി ഉപയോഗിക്കാം.



## ഭക്ഷണം തൊണ്ടയിൽ കുടുങ്ങിയാൽ

ഭക്ഷണം തൊണ്ടയിൽ കുടുങ്ങുന്നത് അപകടകരമായ ഒരവസ്ഥയാണ്. ഈ അവസരത്തിൽ വളരെ പെട്ടെന്ന് നൽകുന്ന പ്രഥമശുശ്രൂഷ കൊണ്ട് ജീവൻ രക്ഷിക്കാൻ കഴിഞ്ഞേക്കും.

ഒരു കൈകൊണ്ട് വയറിന്റെ മുകൾഭാഗത്ത് അമർത്തുകയും അതേ സമയം മറുകൈ കൊണ്ട് പുറത്ത് ശക്തിയായി അടിക്കുകയും ചെയ്യുക. 3 മുതൽ 5 പ്രാവശ്യം വരെ ഇങ്ങനെ ചെയ്തിട്ടും ഭക്ഷണപദാർഥം പുറത്തു വന്നില്ലെങ്കിൽ എത്രയും വേഗം വൈദ്യസഹായം തേടണം.





## പൊള്ളലേറ്റാൽ

നിങ്ങൾക്ക് എപ്പോഴെങ്കിലും പൊള്ളലേറ്റിട്ടുണ്ടോ? പൊള്ളൽ ഏൽക്കുന്ന സാഹചര്യങ്ങൾ ഏതൊക്കെയാണ്?

- ആസിഡ് ദേഹത്ത് വീണ്.
- 



പൊള്ളലേറ്റാൽ എന്താണ് ചെയ്യേണ്ടത്?

- പൊള്ളലേറ്റ ഭാഗത്ത് തുടർച്ചയായി തണുത്ത വെള്ളം ഒഴിക്കുക.
- തീവ്രമായ പൊള്ളലേറ്റ ഭാഗത്ത് ഐസ് വയ്ക്കരുത്.
- പൊള്ളിയ ഭാഗത്ത് ഒട്ടിപ്പിടിച്ചിരിക്കുന്ന തുണി നീക്കം ചെയ്യാൻ ശ്രമിക്കരുത്.
- പൊള്ളലേറ്റ ഭാഗത്ത് ഔഷധമെന്ന ധാരണയിൽ എന്തെങ്കിലും പുരട്ടരുത്.

## വസ്ത്രത്തിൽ തീ പിടിച്ചാൽ



- വെള്ളം ഒഴിച്ച് തീ കെടുത്താൻ ശ്രമിക്കുക.
- നിലത്തു കിടന്ന് ഉരുളുന്നത് തീ കെടുത്താൻ സഹായകമാണ്.
- പരിഭ്രമിച്ച് ഓടാൻ അനുവദിക്കരുത്; കാറ്റിൽ തീ ആളിക്കത്തും.
- കട്ടിയുള്ള പുതപ്പോ ചണച്ചാക്കോ കൊണ്ട് പെട്ടെന്ന് പൊതിയുക.







പൊള്ളൽ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് നമുക്ക് എടുക്കാൻ കഴിയുക? ചർച്ചചെയ്ത് പരിസരപുസ്തകത്തിൽ എഴുതുമല്ലോ.

## പാമ്പുകടി

പാമ്പുകടിയേറ്റയാൾക്ക് എന്ത് പ്രഥമശുശ്രൂഷയാണ് നൽകാൻ കഴിയുക?

- പാമ്പുകടിയേറ്റയാളെ സമാധാനിപ്പിക്കുക.
- പാമ്പുകടിയേറ്റയാളെ ഓടാനോ നടക്കാനോ അനുവദിക്കരുത്.
- കടിയേറ്റ ഭാഗം വൃത്തിയായി കഴുകുക.
- കടിയേറ്റ ഭാഗം താഴ്ത്തി വയ്ക്കാൻ ശ്രദ്ധിക്കണം.
- എത്രയും വേഗം വൈദ്യസഹായം ലഭ്യമാക്കുക.



പാമ്പുകളിൽ വിഷമുള്ളവയും വിഷമില്ലാത്തവയുമുണ്ട്.

കടിച്ച പാമ്പിനെ തിരിച്ചറിയുന്നത് ചികിത്സ എളുപ്പമാക്കും.


പാമ്പുകടിയേൽക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ എടുക്കണം. എഴുതൂ.

## വെള്ളത്തിൽ വീണുണ്ടാകുന്ന അപകടങ്ങൾ



നീന്തൽ അറിയുന്നത് വെള്ളത്തിൽ വീണ് സംഭവിക്കുന്ന അപകടങ്ങൾ കുറയ്ക്കാൻ സഹായിക്കില്ലേ?

നീളമുള്ള കയറോ തുണിയോ തടിക്കഷണമോ ഇട്ടുകൊടുത്ത് അപകടത്തിൽപ്പെട്ടയാളെ കരയ്ക്കെത്തിക്കാൻ ശ്രമിക്കാം.



വെള്ളത്തിൽ മുങ്ങിപ്പോയ ആളെ രക്ഷിക്കാൻ പുറപ്പെടുമ്പോൾ സ്വന്തം സുരക്ഷ ശ്രദ്ധിക്കണം.

നീന്തൽ അറിയില്ലെങ്കിൽ വെള്ളത്തിൽ ചാടരുത്.

സഹായത്തിന് ആൾക്കാരെ വിളിക്കാൻ ശ്രദ്ധിക്കുമല്ലോ.

## വൈദ്യുതാഘാതം

നാം നിരവധി വൈദ്യുത ഉപകരണങ്ങൾ കൈകാര്യം ചെയ്യാറുണ്ടല്ലോ. അവ കൈകാര്യം ചെയ്യുമ്പോൾ വളരെയേറെ ശ്രദ്ധിക്കണം. വൈദ്യുതാഘാതം ഏറ്റ ഒരാളെ രക്ഷിക്കാൻ നമുക്ക് എന്തൊക്കെ ചെയ്യാനാവും?

- സ്വിച്ച് ഓഫ് ചെയ്ത് വൈദ്യുതപ്രവാഹം തടയുക. വൈദ്യുതപ്രവാഹം തടയാൻ കഴിഞ്ഞില്ലെങ്കിൽ വൈദ്യുതി കടത്തിവിടാത്ത കൈയുറയോ ഉണങ്ങിയ തടിക്കഷണമോ ഉപയോഗിച്ച് ആഘാതമേറ്റ ആളെ വൈദ്യുതബന്ധത്തിൽ നിന്നും മാറ്റാൻ ശ്രമിക്കുക.

  മറ്റേതൊക്കെ സാധനങ്ങൾ ഉപയോഗിക്കാം? സഹായിക്കുന്ന ആളിന്റെ സുരക്ഷിതത്വം പ്രധാനമാണ്.




വൈദ്യുതാഘാതം ഏൽക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ എടുക്കാം? ചർച്ചചെയ്ത് പരിസര പുസ്തകത്തിൽ എഴുതൂ.

## പ്രഥമശുശ്രൂഷപ്പെട്ടി (First Aid Box)

എന്തൊക്കെ സാധനങ്ങളാണ് പ്രഥമശുശ്രൂഷയ്ക്ക് ആവശ്യമായി വരുന്നത്?

ഇത്തരം സാധനങ്ങൾ കരുതിവയ്ക്കുന്ന പ്രഥമശുശ്രൂഷപ്പെട്ടി വിദ്യാലയത്തിലും വീട്ടിലും ഉണ്ടല്ലോ? പരിശോധിച്ചു നോക്കൂ



നമുക്കൊരു പ്രഥമശുശ്രൂഷപ്പെട്ടി തയാറാക്കാം.

എന്തൊക്കെ സാധനങ്ങൾ ഉൾപ്പെടുത്തണം?

- അണുനാശിനി
- കോട്ടൺ
- ബാൻഡേജ്
- 






**പ്രഥമശുശ്രൂഷാദിനം**

പ്രഥമശുശ്രൂഷയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി എല്ലാ വർഷവും സെപ്തംബറിലെ രണ്ടാം ശനിയാഴ്ച പ്രഥമശുശ്രൂഷാദിനമായി ആചരിക്കുന്നു.

അപകടങ്ങൾ ആർക്കും എപ്പോഴും സംഭവിക്കാം. പ്രഥമശുശ്രൂഷ വിലപ്പെട്ട മനുഷ്യജീവൻ രക്ഷപ്പെടുത്താൻ സഹായിക്കുന്നു.

*പ്രഥമശുശ്രൂഷ നമ്മുടെ കടമ.*



## പ്രധാന പഠനനേട്ടങ്ങൾ

- അപകടമുണ്ടാകാൻ സാധ്യതയുള്ള സന്ദർഭങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- പ്രഥമശുശ്രൂഷയുടെ പ്രാധാന്യം കണ്ടെത്തി പറയുന്നു.
- പ്രഥമശുശ്രൂഷ എന്തെന്ന് നിർവചിക്കുന്നു.
- ഓരോ അപകടത്തിനും എന്തെല്ലാം പ്രഥമശുശ്രൂഷകൾ നൽകണമെന്ന് വിശദീകരിക്കുന്നു.
- പ്രഥമശുശ്രൂഷപ്പെട്ടി ക്രമീകരിക്കുകയും വേണ്ടവിധം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.



## വിലയിരുത്താം

1. എന്തിനാണ് അമിത രക്തസ്രാവമുള്ള മുറിവിന് മുകളിൽ അമർത്തിപ്പിടിക്കുന്നത്?

   a. വേദന കുറയ്ക്കാൻ.

   b. രോഗാണുക്കളെ ഒഴിവാക്കാൻ.

   c. രക്തസ്രാവം കുറയ്ക്കാൻ.

2. കൈ പൊള്ളിയാലുടനെ...

   a. ഐസ് വയ്ക്കണം.

   b. ടൂത്ത് പേസ്റ്റ് പുരട്ടണം.

   c. ഒഴുകുന്ന വെള്ളത്തിൽ തണുപ്പിക്കണം.



## തുടർപ്രവർത്തനങ്ങൾ

1. ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ പ്രഥമശുശ്രൂഷാ പരിശീലന ക്ലാസ് സംഘടിപ്പിക്കുക.
2. പ്രഥമശുശ്രൂഷയുടെ പ്രാധാന്യം, രീതി എന്നിവ വ്യക്തമാക്കുന്ന തരത്തിലുള്ള പ്രഥമശുശ്രൂഷാ ചാർട്ട്, പോസ്റ്റർ എന്നിവ നിർമിച്ച് പ്രദർശിപ്പിക്കുക.
3. വിവിധ അപകടങ്ങൾ സംബന്ധിച്ച പത്രവാർത്തകൾ ശേഖരിച്ച് 'പ്രഥമശുശ്രൂഷപ്പതിപ്പ്' തയാറാക്കുക.
4. പ്രഥമശുശ്രൂഷാദിനത്തോടനുബന്ധിച്ച് പ്രഥമശുശ്രൂഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ലഘുനാടകം അവതരിപ്പിക്കുക.
5. പ്രഥമശുശ്രൂഷ സംബന്ധിച്ച ചിത്രങ്ങൾ, വീഡിയോകൾ, വിവരങ്ങൾ എന്നിവ ശേഖരിക്കുക.




# 12 നാടിനെ അറിയാൻ

പഴയ കഥകൾ കേട്ടിരിക്കാൻ അനുവിന് വളരെ ഇഷ്ടമാണ്. അത്താഴത്തിനുശേഷം പതിവുപോലെ അന്നു മുത്തശ്ശി പറഞ്ഞു തുടങ്ങി...

“മോനേ, പണ്ട് നമ്മുടെ ഗ്രാമം ഇങ്ങനെയൊന്നുമായിരുന്നില്ല. ഓലമേഞ്ഞ്, ചാണകം മെഴുകിയ വീടുകൾ, മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചം മാത്രമുള്ള രാത്രികൾ. ഉരലും ഉറിയും മൺകലവും മൺചട്ടിയുമൊക്കെയുള്ള അടുക്കള, സ്കൂളിൽ പോകുന്നവരാകട്ടെ, തീരെ കുറവും... അതെങ്ങനെയാ? ഒരുപാട് ദൂരം നടന്ന് നടന്ന് കുഞ്ഞുങ്ങൾ മടുക്കും. സാധനങ്ങൾ കൊണ്ടുപോകുന്നവരുടെ കാര്യമാണ് അതിലും കഷ്ടം. റോഡുകളൊന്നുമില്ലാത്ത ആ കാലത്ത് ഇടവഴികളിലൂടെ തലച്ചുമടായി അവരങ്ങനെ നടന്നുനീങ്ങും. ഒരൽപ്പം ആശ്വാസം വഴിയരികിലെ ചുമടുതാങ്ങിയാണ്....”

ഇന്നു നമ്മുടെ ഗ്രാമത്തിനെന്തു മാറ്റമാണ്!



മുത്തശ്ശി പറഞ്ഞ ഈ നാടിന്റെ കഥ കേട്ടല്ലോ.

നിങ്ങളുടെ നാടിന്റെ പേരെന്താണ്?

നിങ്ങളുടെ നാടിനുമുണ്ടാകുമല്ലോ ഇങ്ങനെയൊരു ചരിത്രം?

അത് എങ്ങനെ അറിയും?

ആരോടൊക്കെ അന്വേഷിക്കും?



മുത്തശ്ശിയോടോ മുതിർന്നവരോടോ ചോദിച്ച് അറിയാമല്ലോ.


എന്തൊക്കെ ചോദിക്കും?

- അന്നത്തെ കൃഷി
- തൊഴിലുകൾ
- ഭക്ഷണം
- വീട്ടുപകരണങ്ങൾ
- ആരാധനാലയങ്ങൾ
- ആഘോഷങ്ങൾ
- പൊതുസ്ഥാപനങ്ങൾ
- 



ഓരോ നാടിനും അതിന്റേതായ ചരിത്രമുണ്ട്.


നാടിന്റെ കഥയറിയാൻ ശ്രമിച്ചപ്പോൾ ചിത്രത്തിൽ കാണുന്നതുപോലെ എന്തെങ്കിലും നിങ്ങൾ കണ്ടുവോ? അത് കുറിച്ചുവയ്ക്കുമല്ലോ.



ചുമടുതാങ്ങി

നാടിന്റെ ചരിത്രത്തെ ഓർമപ്പെടുത്തി ചില അടയാളങ്ങൾ ഇപ്പോഴും ബാക്കിനിൽക്കുന്നു. അവയെ നമ്മൾ സംരക്ഷിക്കണം.

## എന്റെ നാട് ഇന്ന്



പണ്ടത്തേതിൽനിന്ന് എന്റെ നാടിന് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

ഏതൊക്കെ കാര്യങ്ങളിലാണ് മാറ്റങ്ങൾ ഉണ്ടായത്?
നമുക്കൊന്ന് അന്വേഷിച്ചാലോ?


| എന്റെ നാട് | അന്ന് | ഇന്ന് |
|---|---|---|
| കൃഷി | | |
| തൊഴിൽ | | |
| കളികൾ | | |
| ഗതാഗതസൗകര്യങ്ങൾ | | |
| പൊതുസ്ഥാപനങ്ങൾ | | |
| | | |

ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് മാറ്റങ്ങൾ ഉണ്ടായത്.
നാടിനുണ്ടായ മാറ്റങ്ങൾ ആളുകളുടെ ജീവിതം മെച്ചപ്പെടാൻ കാരണമായിട്ടുണ്ട്.

ആവശ്യങ്ങൾ കൂടുന്നതിനനുസരിച്ച് മാറ്റങ്ങൾ വന്നുകൊണ്ടേയിരിക്കും.

നാടിനുണ്ടായ എല്ലാ മാറ്റങ്ങളും പുരോഗതിയിലേക്കു നയിച്ചിട്ടുണ്ടോ? പരിശോധിച്ചുനോക്കൂ.

ഒരു നാട്ടിലെ ജനങ്ങളുടെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ചുമതല ആർക്കാണെന്നറിയാമോ?







ഇന്ന് ഒരു പ്രദേശത്തെ ജനങ്ങളുടെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പ്രതിനിധികളെ ഓരോ പ്രദേശത്തെയും ജനങ്ങൾ ആണ് തിരഞ്ഞെടുക്കുന്നത്. ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് വോട്ടെടുപ്പിലൂടെയാണ്.






തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

ഗ്രാമപ്പഞ്ചായത്തും മുനിസിപ്പാലിറ്റികളും കോർപറേഷനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

നിങ്ങൾ താമസിക്കുന്ന പ്രദേശം ✓ അടയാളമിട്ട് സൂചിപ്പിക്കുക.

ഗ്രാമപ്പഞ്ചായത്ത് ☐

മുനിസിപ്പാലിറ്റി ☐

കോർപറേഷൻ ☐

## പേരെഴുതൂ

ഗ്രാമപ്പഞ്ചായത്തിന്റെ തലവൻ പഞ്ചായത്ത് പ്രസിഡന്റാണ്. മുനിസിപ്പൽ ചെയർമാനാണ് മുനിസിപ്പാലിറ്റിയുടെ തലവൻ. കോർപറേഷന്റെ ഭരണത്തലവനാണ് മേയർ. ഓരോ വാർഡിൽ അല്ലെങ്കിൽ ഡിവിഷനിൽ നിന്നും തെരഞ്ഞെടുത്ത ജനപ്രതിനിധികളാണ് ഭരണത്തലവന്മാരെ നിശ്ചയിക്കുന്നത്.

കേരളത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനമാണ് നിലവിലുള്ളത്.

ഗ്രാമപ്പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയാണ് അവ.

നഗരപ്രദേശങ്ങൾ മുനിസിപ്പാലിറ്റിയോ, കോർപറേഷനോ ആയിരിക്കും.

### പേരുകൾ കണ്ടെത്തി എഴുതൂ

| | |
|---|---|
| എന്റെ ഗ്രാമപ്പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ | |
| എന്റെ ബ്ലോക്ക് പഞ്ചായത്ത് | |
| എന്റെ ജില്ലാ പഞ്ചായത്ത് | |

ഗ്രാമപ്പഞ്ചായത്ത് അംഗം വാർഡ് മെമ്പർ എന്നും മുനിസിപ്പാലിറ്റി - കോർപറേഷൻ എന്നിവിടങ്ങളിലെ അംഗം കൗൺസിലർ എന്നും അറിയപ്പെടുന്നു.

ആരാണ് നിങ്ങളുടെ വാർഡ് പ്രതിനിധി/കൗൺസിലർ?

നിങ്ങളുടെ വിദ്യാലയത്തിലെ പ്രധാന ചടങ്ങുകളിൽ അദ്ദേഹം പങ്കെടുക്കാറില്ലേ?

### ഗ്രാമസഭയിലേക്ക്



സംഭാഷണം ശ്രദ്ധിച്ചില്ലേ?

ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണമെന്നു പറയുന്നത് എന്തു കൊണ്ടാണ്?


> ഒരു നാടിന്റെ വികസനാവശ്യങ്ങൾ ചർച്ചചെയ്ത് നിർദേശിക്കുന്നത് ആ നാട്ടിലെ ജനങ്ങൾ ഒത്തുചേർന്നാണ്. ഇതാണ് ഗ്രാമസഭ.

## വിദ്യാലയം ഒരു പൊതുസ്ഥാപനം


നിങ്ങൾ പഠിക്കുന്ന വിദ്യാലയം ഒരു പൊതുസ്ഥാപനമാണ്. നിങ്ങൾക്ക് പഠിച്ചു വളരാൻ എന്തൊക്കെ സൗകര്യങ്ങളും സേവനങ്ങളുമാണ് വിദ്യാലയത്തിൽ ലഭിക്കുന്നത്?


- പാഠപുസ്തകം
- സ്കോളർഷിപ്പുകൾ
- 

വിദ്യാഭ്യാസം നമ്മുടെ അവകാശമാണ്. ആ അവകാശം ലഭ്യമാക്കുന്നത് പൊതുവിദ്യാലയങ്ങളാണ്.



നമുക്ക് സേവനങ്ങൾ നൽകുന്ന മറ്റെന്തൊക്കെ പൊതുസ്ഥാപനങ്ങളുണ്ട്?










നിങ്ങളുടെ നാട്ടിൽ ഏതൊക്കെ പൊതുസ്ഥാപനങ്ങളാണ് ഉള്ളത്?

ജനങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്ന സ്ഥാപനങ്ങളാണ് പൊതുസ്ഥാപനങ്ങൾ.

പൊതുസ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ പട്ടികപ്പെടുത്തൂ.

| സ്ഥാപനങ്ങൾ | സേവനങ്ങൾ |
|---|---|
| പോലീസ് സ്റ്റേഷൻ | ക്രമസമാധാനം പാലിക്കുന്നു. ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നു. |
| | |
| | |
| | |
| | |
| | |

### ഒന്നായ് ഒരു നല്ല നാളേക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പൊതുസ്ഥാപനങ്ങളെയും പരിചയപ്പെട്ടല്ലോ. ഇവ കൂടാതെ നാടിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളും കൂട്ടായ്മകളുമുണ്ട്.

- വായനശാലകൾ
- ക്ലബ്ബുകൾ
- കുടുംബശ്രീ

മറ്റെന്തൊക്കെ കൂട്ടായ്മകൾ നിങ്ങളുടെ നാട്ടിലുണ്ട്?

നമുക്ക് അഭിമാനിക്കാവുന്ന ഒട്ടേറെ കാര്യങ്ങൾ നാടിനുണ്ട്. നമ്മുടെ നാടിന്റെ പുരോഗതിക്ക് കാരണം ജനങ്ങളുടെ കൂട്ടായ്മയാണ്. നമ്മുടെ ഐക്യമാണ് നാടിന്റെ കരുത്ത്.



## പ്രധാന പഠനനേട്ടങ്ങൾ

- നമ്മുടെ നാടിന് ഒരു ചരിത്രമുണ്ടെന്നു കണ്ടെത്തുന്നു, എഴുതുന്നു.
- ചരിത്രത്തെ സൂചിപ്പിക്കുന്ന അടയാളങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- നമ്മുടെ നാടിന് പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടെന്നു മനസ്സിലാക്കി വിശദീകരിക്കുന്നു.
- നാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായാണ് പുരോഗതി ഉണ്ടായതെന്ന് കണ്ടെത്തി വിശദീകരിക്കുന്നു.
- നാടിന് അതിന്റേതായ ഭരണസംവിധാനമുണ്ടെന്നും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് ഭരണസ്ഥാപനങ്ങളാണെന്നും കണ്ടെത്തി പറയുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഗ്രാമപ്പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നിവ എന്നും ഗ്രാമപ്പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നത് ത്രിതല പഞ്ചായത്ത് സംവിധാനമാണെന്നും വിശദീകരിക്കുന്നു.
- പൊതുസ്ഥാപനങ്ങളെക്കുറിച്ചും അവ നൽകുന്ന സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു.



## വിലയിരുത്താം

1. കണ്ടെത്തി യോജിപ്പിക്കുക.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | തിരഞ്ഞെടുക്കപ്പെട്ട ഭരണത്തലവൻ |
|---|---|
| ഗ്രാമപ്പഞ്ചായത്ത് | ചെയർമാൻ |
| മുനിസിപ്പാലിറ്റി | മേയർ |
| കോർപറേഷൻ | പ്രസിഡന്റ് |

2. നാട്ടിലെ പൊതുസ്ഥാപനങ്ങളും അവയുടെ സേവനങ്ങളും ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കുക.

3. നാടിന്റെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ചുമതല ഏതു സ്ഥാപനത്തിനാണ്?
(a) പോലീസ്സ്റ്റേഷൻ (b) വില്ലേജ്ഓഫീസ് (c) ഗ്രാമപഞ്ചായത്ത്

4. ഗ്രാമപഞ്ചായത്ത് തലവൻ?
(a) പഞ്ചായത്ത് സെക്രട്ടറി (b) വാർഡ് മെമ്പർ
(c) പഞ്ചായത്ത് പ്രസിഡന്റ്

5. ഒരു വാർഡിലെ വികസനാവശ്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കാനായി അവിടത്തെ ജനങ്ങൾ ഒത്തുചേരുന്നതാണ്...
(a) കുടുംബശ്രീ (b) ഗ്രാമസഭ (c) അയൽക്കൂട്ടം



## തുടർപ്രവർത്തനങ്ങൾ

- പൊതുപ്രവർത്തകരുമായുള്ള അഭിമുഖം.
- പൊതുസ്ഥാപന സന്ദർശനം.
- നാട്ടുചരിത്രം-പതിപ്പ്.
- വീട്ടുകാരോടൊപ്പം ഗ്രാമസഭ സന്ദർശിക്കൂ.
- നിങ്ങളുടെ നാടിനെക്കുറിച്ചുള്ള പഴയ കാര്യങ്ങൾ അറിയാൻ നാട്ടിലെ മുതിർന്നവരുമായി അഭിമുഖം നടത്തൂ.
- വായനശാല സന്ദർശിച്ച് ഒരു റിപ്പോർട്ട് തയാറാക്കൂ.